# കർമ്മെലകുസുമം.

പുസ്തകം ൧൩)  ൧൯൧൨ മാർച്ച്  (ലക്കം ൩.


## ന. ക. ഈശോമ്ശിഹായുടെ കഷ്ടാനുഭവം.

നമ്മുടെ രക്ഷിതാവായ ഈശോയുടെ കഷ്ടാനുഭവത്തിന്റെ സ്മരണ നവീകരിക്കപ്പെടുന്ന 'വലിയ ആഴ്ച' സമീപിച്ചുവരികയാൽ, അവിടുത്തെ കഷ്ടാനുഭവത്തെ സംബന്ധിച്ച് ഒരു ചുരുങ്ങിയ നിരൂപണം സന്ദർഭോചിതമായിരിക്കുമല്ലൊ.

ഈശോമ്ശിഹായുടെ ദുഃഖാനുഭവത്തെപ്പററിയുള്ള ധ്യാനം, ദൈവത്തെ സ്നേഹിക്കുന്നതിനും, ലോകത്തെ നിന്ദിക്കുന്നതിനും, പാപത്തെ വെറുക്കുന്നതിനും സങ്കടങ്ങളെ സസന്തോഷം സഹിക്കുന്നതിനും അത്യുത്തമമായ മാർഗ്ഗമാകുന്നു. കുരിശിൽ തറയ്ക്കപ്പെട്ട ഈശോ, അജ്ഞന്മാർക്കും പ്രാജ്ഞന്മാർക്കും ഒരുപോലെ വായിക്കാവുന്ന ജ്ഞാനരഹസ്യങ്ങളടങ്ങിയ ഒരു ഗ്രന്ഥമാകുന്നു. ഇതിനാൽ വി. അഗുസ്തീനോസ്, കുരിശിൽ തറയ്ക്കപ്പെട്ട ഈശോയെ നോക്കിക്കൊണ്ട്, സ്നേഹത്താൽ ഉജ്ജ്വലിതനായി ഇങ്ങനെ പ്രാർത്ഥിക്കുന്നു: "കർത്താവേ! നിന്റെ മുറിവുകളിൽ ദുഃഖത്തേയും സ്നേഹത്തേയും ഞാൻ വായിക്കത്തക്കവണ്ണം അവയെ നീ എന്റെ ഹൃദയത്തിൽ പതിക്കേണമെ. ഇത്, ഞാൻ നിന്നെപ്രതി എല്ലാ കഷ്ടതകളേയും സഹിക്കുന്നതിന്നും, നിന്നെപ്രതി എല്ലാ സ്നേഹത്തേയും നിന്ദിക്കുന്നതിന്നും വേണ്ടിയാകുന്നു. അതായത്, പ്രേമരക്ഷകനേ! ഞാൻ എന്റെ ഹൃദയത്തിൽ എല്ലായ്പ്പോഴും നിന്റെ കഷ്ടതകളേയും സ്നേഹത്തേയും കണ്ടു വായിപ്പാൻ വേണ്ടി നീ അവയെ എന്റെ ഹൃദയത്തിൽ പതിക്കേണമെ. അതെ, അതെ, എന്റെ ദൈവമേ! നീ എനിക്കുവേണ്ടി സഹിച്ച കഷ്ടതകൾ എപ്പോഴും എന്റെ കണ്മുമ്പിൽ ഇരിക്കയിൽ, ഞാൻ അനുഭവിപ്പാനിരിക്കുന്ന കഷ്ടാനുഭവങ്ങളെല്ലാവയും മൌനപൂർവ്വം ഞാൻ സഹിക്കട്ടെ. കുരിശിൽ നീ എന്റെനേരെ പ്രദർശിപ്പിച്ച സ്നേഹം എന്റെ കണ്ണുകൾക്കു വിഷയീഭവിക്കയിൽ, നിന്നെ അല്ലാതെ മററൊരു വസ്തുവിനെ ഞാൻ സ്നേഹിക്കാതിരിക്കട്ടെ."

കുരിശിൽ തറയ്ക്കപ്പെട്ട ഈശോയുടെ ദുഃഖാനുഭവത്തെപ്പററിയുള്ള ധ്യാനത്തിൽനിന്നാണ് വിശുദ്ധന്മാർ പീഡകളും രക്തസാക്ഷിത്വവും കഠോര മരണവും അനുഭവിപ്പാനുള്ള ശക്തിയും ധൈര്യവും പ്രാപിച്ചത്. ഫ്രംസിസ്ക്കാസ് സഭക്കാരനായ ലേയോൻ എന്നൊരാളെ അതിവ്യസനകരമായ ഒരു ശസ്ത്രപ്രയോഗത്തിനുമുമ്പ് കയറുകൊണ്ടു ബന്ധിക്കേണ്ടതാണെന്നു ഡോക്ടർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തെ കയറുകൊണ്ടു കെട്ടുവാൻ ഭാവിക്കയിൽ, ഒരു കുരിശുരൂപം കയ്യിൽ എടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞതായത്: "കയറുകൾ എന്തിന്? കണ്ടാലും, എന്റെനേർക്കുള്ള സ്നേഹത്തെപ്രതി കുരിശിൽ തറയ്ക്കപ്പെട്ട എന്റെ കർത്താ

വത്രേ എന്നെ ബന്ധിക്കുന്ന ശൃംഖലകൾ. അവിടുന്ന് എനിക്കുവേണ്ടി സഹിച്ച കഷ്ടാനുഭവങ്ങൾ, അവിടുത്തെപ്രതി ഏതു ദുഃഖങ്ങളും സഹിപ്പാൻ എന്നെ നിബ്ബന്ധിക്കുന്നു" ഇങ്ങനെ അദ്ദേഹം ആവലാതിപറയാതെ, അംഗഛേദനം ഈശോയെ നോക്കിക്കൊണ്ടു സഹിച്ചു. "അവൻ, വിഛേദനം ചെയ്യുന്നവരുടെ മുമ്പാകെ കുഞ്ഞാട്ടുപോലെ മൌനത്തെ അവലംബിച്ചു, അവൻെറ വായെ തുറന്നില്ല" (ഏശയ്യാ ൫൩. ൭.). ആകയാൽ നമ്മുടെ പാപങ്ങൾ നിമിത്തം തകൎക്കപ്പെട്ട ഈശോയെ ധ്യാനിച്ചാൽ, സഹിക്കുന്ന സങ്കടങ്ങളെപ്പററി ആവലാതി പറയുന്നവനാർ? ഈശോ മരണത്തോളം അനുസരണമുള്ളവനായിരിക്കയിൽ അല്പ അസുഖത്തെപ്പററി അനുസരണക്കേടു പ്രദൎശിപ്പിക്കുന്നവനാർ? ഈശോ ഒരു ദോഷനെപ്പോലെ നടത്തപ്പെട്ടുകയിൽ നിന്ദയും അപമാനവും ആക്കെങ്കിലും സങ്കടഹേതുക്കളാകുമൊ?

നമ്മുടെ സ്നേഹത്തെപ്രതി ഈശോ ഇത്രയേറെ സങ്കടങ്ങളുടെയും നിന്ദകളുടെയും മദ്ധ്യേ മരിക്കുന്നതിനെ ധ്യാനിക്കുന്നവർ, ഈശോയെയല്ലാതെ മററു വസ്തുക്കളെ സ്നേഹിക്കുന്നതെങ്ങിനെ? ദൈവത്തെ ഉത്തമമായി സ്നേഹിപ്പാൻ ചെയ്യേണ്ടതെന്തെന്ന് അറിയുന്നതിന്നായി ഒരു പുണ്യവാൻ ദൈവത്തോടു പ്രാൎത്ഥിച്ചു. പൂൎണ്ണമായ ദൈവസ്നേഹം പ്രാപിക്കുന്നതിനുള്ള ഉത്തമ മാൎഗ്ഗം, ഈശോമ്ശിഹായുടെ കഷ്ടാനുഭവത്തെ ധ്യാനിക്കുന്നതാകുന്നു എന്ന് അയാൾക്കറിയിക്കപ്പെട്ടു. ഈശോമ്ശിഹായുടെ കഷ്ടാനുഭവത്തെ സ്മരിച്ചുകൊണ്ടു ചിന്തുന്ന ഒരു തുള്ളി കണ്ണുനീർ, ഓറശ്ലേമ്മിലേക്കുള്ള തീൎത്ഥയാത്രയേക്കാളും, അപ്പവും വെള്ളവും മാത്രം ഭക്ഷിച്ചുകൊണ്ടുള്ള ഒരു വൎഷത്തെ ഉപവാസത്തേക്കാളും യോഗ്യതാഫലമുള്ളതാകുന്നു എന്നു വി. അഗുസ്തീനോസു പറയുന്നു. ഈശോമ്ശിഹായെ അധികമാളുകൾ വേണ്ടുംപോലെ സ്നേഹിക്കാത്തതിന്നു കാരണം, അവിടുന്ന് അവരുടെ നേരെയുള്ള സ്നേഹത്തെപ്രതി അനുഭവിച്ച കഷ്ടതകളെ അവർ ശരിയായി അറിയാത്തതും, അറിഞ്ഞിട്ടും സ്മരിക്കാത്തതുമാകുന്നു. അവർ മ്ശിഹായുടെ കഷ്ടാനുഭവങ്ങളെ ഓൎമ്മിച്ചിരുന്നു എങ്കിൽ, വിശുദ്ധ പൌലോസിനെപ്പോലെ മ്ശിഹായുടെ സ്നേഹം എന്നെ നിബ്ബന്ധിക്കുന്നു എന്നു നിലവിളിക്കുമായിരുന്നു (൨. ക്രൂറ, ൫. ൧൪.)

മ്ശിഹായെ സ്നേഹിപ്പാനുള്ള ശാസ്ത്രമാണു പരിശുദ്ധന്മാരുടെ ശാസ്ത്രം. ഈ ശാസ്ത്രം കുരിശിൽ തറയ്ക്കപ്പെട്ട ഈശോയിൽനിന്നല്ലാതെ മറേറതു പുസ്തകത്തിൽനിന്ന് ഏററം അധികമായി നമുക്കു പഠിക്കുവാൻ കഴിയും? വി. ബൊനവെന്തൂർ, ചുംബനങ്ങളാൽ കറുത്തുപോയ തൻെറ കുരിശുരൂപം കാണിച്ചുകൊണ്ട്, വേദപാരഗനായ വി. തോമ്മാസ് അക്വിനാസിനോടു പറഞ്ഞ വാക്യം നാമെല്ലാവരും അറിഞ്ഞിരിക്കത്തക്കവണ്ണം അത്ര സുപ്രസിദ്ധമാണല്ലൊ. "ഞാൻ എഴുതിയിട്ടുള്ളതെല്ലാം വായിച്ചു പഠിച്ച പുസ്തകം ഇതാകുന്നു. എൻെറ അല്പമായ അറിവെല്ലാം എനിക്കു പ്രദാനം ചെയ്തതും ഇതുതന്നെ" എന്ന് അദ്ദേഹം തൻെറ കുരിശുരൂപത്തെ കാണിച്ചുകൊണ്ടു പറഞ്ഞു. വി. പൌലോസിനു ലഭിച്ച അറിവെല്ലാം ഈ പുസ്തകത്തിൽ നിന്നായിരുന്നു എന്ന് അവിടുന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. "ഈശോമ്ശിഹായെയും, ഈ ക്രൂശിക്കപ്പെട്ടവനേയുമല്ലാതെ നിങ്ങളുടെ ഇടയിൽ വല്ലതും അറിയുന്നവനായി ഞാൻ ഭാവിച്ചില്ല". ക്രൂടാതെ, ഈ ഗ്രന്ഥജ്ഞാനത്തിലല്ലാതെ തനിക്കു വേറെ പ്രശംസയില്ലെന്നും അദ്ദേഹം ഉറപ്പായി പറയുന്നു. "മ്ശിഹായുടെ സ്ലീബായിലല്ലാതെ എനിക്കു പ്രശംസയില്ല" ഇതുപോലെ ഈ തപസ്സുകാലത്തെങ്കിലും നമ്മുടെ ധ്യാനവും പഠനവും പ്രശംസയും മ്ശിഹായിലും അവിടുത്തെ കഷ്ടാനുഭവത്തിലും ആയിരിക്കേണ്ടതാകുന്നു.

?ൃ൦ .2. ബ

---

പരസ്നേഹം

---

കൎത്താവു, നമ്മുടെ ദിവ്യഗുരു പരസ്നേഹപ്രമാണത്തെ തീൎച്ചയായി പ്രസി

ദ്ധീകരണംചെയ്തു കലാശിപ്പിച്ച സമയം നോക്കുന്നതായാൽ, ഇതിൻെറ സാരഗൗരവം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്. അതു പ്രസിദ്ധീകരിച്ചുറപ്പിച്ചത്, നമുക്ക് അമർത്ത്യജീവൻ തരുന്നതിന്നായി തൻെറ മർത്ത്യജീവനെ പൂജിക്കുന്നതിന്നു പുറപ്പെട്ട അവസരത്തിലാണ്. തനിക്കു ഇത്ര ദുസ്സഹവും നമുക്കു സ്മരണീയവുമായ ആ ദിവസം തൻെറ പ്രേമതമ ശിഷ്യരോടു ചെയ്ത അവസാന സംഭാഷണത്തിൽ അവർക്കും നമുക്കുമായി നമ്മുടെ പരമഗുരു എഴുതിയ മരണശാസനവും ചാവരുളും അമൂല്യധനമായ പരസ്നേഹം മാത്രമാകുന്നു. "ഒരു പുതിയ പ്രമാണം നിങ്ങൾക്കു ഞാൻ തരുന്നു. നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ" (യോഹ. ൧൩. ൩൪). ഈ പരസ്നേഹ പ്രമാണത്തെപ്പററി ഇതിന്നു മുമ്പിൽ പല അവസരങ്ങളിലും അവിടുന്ന് ആവർത്തിച്ചു പറഞ്ഞിട്ടുള്ള സ്ഥിതിക്കു, ഇപ്പോൾ പുതിയപ്രമാണമെന്നു പറഞ്ഞതെന്തിനാണ്? ഇതേവരെ സഹോദരസ്നേഹത്തെപ്പററി ആജ്ഞാപിച്ചിട്ടുള്ളവ ഇത്ര സാരവത്തായ ധർമ്മത്തിൻെറ ഒരു മുന്നറിവും ഒരുക്കവുമാണെന്നും ഇപ്പോൾ അതിനെ എല്ലാവരും പ്രത്യേക വിധത്തിൽ കാര്യമായി മതിക്കുന്നതിനു വേണ്ടിയാണു പ്രസിദ്ധമായും ഖണ്ഡിതമായും വീണ്ടും സ്ഥാപിക്കുന്നതെന്നും നമ്മെ ധരിപ്പിക്കുന്നതിനാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇതിനാൽ വീണ്ടും (യോഹ. ൧൫. ൧൨) അതിനെ ആവർത്തിച്ച് പരസ്നേഹത്തെ ദൃഷ്ടാന്തമായും പരിമാണമായും കാണിച്ചുംകൊണ്ട് "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണ"മെന്നും; ഇത്രമാത്രമല്ല ഒരുത്തൻ തൻെറ സ്നേഹിതന്മാർക്കുവേണ്ടി തൻെറ ആയുസ്സിനെ കൊടുക്കുന്നതിൽ പരം വലിയ സ്നേഹമില്ലെന്നും തീർച്ചയായി അരുളിച്ചെയ്തു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ, ഇതിൻെറ ശക്തിയും താല്പര്യവും നാം അതിവ്യക്തമായി ഗ്രഹിക്കുന്നതിനുവേണ്ടി, നിങ്ങൾ പരസ്പരം സ്നേഹിക്കണമെന്നു ഞാൻ കല്പിക്കുന്നുവെന്നു നാലാംതവണയും ആജ്ഞാപിച്ചു. ഇത്രയുമായിട്ടും ആ ദിവ്യഗുരുവിന്നു തൃപ്തിയായില്ല എന്നു തോന്നത്തക്കവണ്ണം വീണ്ടും തൻെറ നിത്യപിതാവിനോടുള്ള ദീർഘാപേക്ഷയിൽ 'പിതാവേ! നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ' തൻെറ ശിഷ്യരും മക്കളുമായ നാം, പല ശരീരങ്ങളിൽ ഒരേക ഹൃദയമെന്നാലെന്നതുപോലെ പരസ്നേഹപൂർണ്ണതയിൽ ഇരിപ്പാനായി അപേക്ഷിച്ചിരിക്കുന്നു. (യോഹ. ൧൭, ൨൧). ഈ പരസ്നേഹത്തെ നമ്മുടെ ബോധം തെളിവായി ഗ്രഹിച്ചു ഹൃദയംകൊണ്ടു സ്നേഹിച്ചു പ്രവൃത്തിയിൽ അനുസരിക്കുന്നതിന്നു നമ്മെ ഉത്തരോത്തരം പ്രോത്സാഹിപ്പിക്കുന്നതിന്നു വേണ്ടി വി. ആഗുസ്തീനോസ് പ്രസ്താവിച്ചിട്ടുള്ള ഒരു ഉപമ കീഴെ ചേർക്കുന്നു.

പുത്രവത്സലനായ ഒരു പിതാവ് ആസന്നമരണനായി കിടക്കുന്നു. അയാളുടെ മക്കൾ സ്നേഹപിതാവിൻെറ അടുത്തിരിക്കുന്ന വിയോഗത്തെ അയാളുടെ ചുററും നിന്നു ശോചിക്കുന്നു. ഈ അവസരത്തിൽ, പിതാവു തൻെറ സകല സമ്പത്തുക്കൾക്കും അവരെ അവകാശികളാക്കി സ്ഥാപിക്കുന്നതായ മരണശാസനം എഴുതിയ ശേഷം ചെയ്തുകൊടുത്ത അനവധി ഉപദേശങ്ങളിൽ ഒന്നിനു പ്രത്യേക പ്രാധാന്യം നൽകുന്നു. ഇതിനെ വിശേഷാൽ ശ്രദ്ധയോടുകൂടി അനുസരിക്കേണമെന്നു നിഷ്കർഷയായി ആജ്ഞാപിച്ചതിൻെറ ശേഷം മരണം പ്രാപിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു സംഭവം നടന്നു എന്നിരിക്കട്ടെ. പിതാവിൻെറ ഈ ഉപദേശം, അതിൻെറ സാഹചര്യങ്ങൾകൊണ്ടു പുത്രരുടെ ഹൃദയത്തിലും ബോധത്തിലും എത്ര അഗാധമായി പതിയുന്നതാണ്. അതേകാര്യത്തെപ്പററി പിതാവു മററു സമയങ്ങളിൽ പറഞ്ഞിട്ടുള്ള ഉപദേശത്തേക്കാൾ ചാവരുളിൻെറ നിലയിൽ ഇതിനെ അവർ അത്യധികം മതിക്കുമെന്നും പറയേണ്ടതില്ലല്ലൊ. എന്നാൽ അതിനെ നിർവ്വഹിക്കുന്നതിൽ ഒരുപക്ഷെ വല്ല വിരുദ്ധവിചാരവും പ്രതിബന്ധവും അവർക്കു തോന്നിയാൽ അവർ തങ്ങളെത്തന്നെ ശാസിച്ച്, "എന്തു? അപ്പൻ മരണപ്രമാദത്തിൽ, അന്ത്യശ്വാസം വിടുകയിൽ ഇത്ര സ്നേഹതീക്ഷ്ണതയോടും ഖണ്ഡിതമായും ചെയ്ത അന്ത്യ ഉപദേശത്തെ അനുസരി

ക്കാതെ തിരസ്കരിച്ചു കളകയോ? ഛീ! ഒരുനാളും പാടില്ല. എന്തു കഷ്ടനഷ്ടങ്ങൾ വന്നാലും ശരി, അപ്പന്റെ ചാവരുൾ നിറവേററാതെ വിട്ടുകളയുന്നതല്ല" എന്നു പറഞ്ഞു സംശയംവിനാ അതിനെ നിവൃത്തിക്കുന്നതിൽ ഏകാഗ്രചിത്തരായിരിക്കും. ഒരപ്പന്റെ ചാവരുൾ നിറവേററുന്നതിന് ഇത്ര സ്നേഹതീക്ഷ്ണതയും വിശ്വസ്തതയും മക്കൾക്കു സഹജമായുണ്ടാകുന്നെങ്കിൽ, സകല പിതാക്കളേക്കാൾ അധികം നമ്മെ സ്നേഹിക്കയും നമ്മുടെ ഗുണത്തെ ആശിക്കയും ചെയ്യുന്ന നമ്മുടെ പിതാവും രക്ഷകനുമായ മ്ശിഹാ തന്റെ നിര്യാണാവസരത്തിൽ ചാവരുളായി കല്പിച്ചുതന്ന പരസ്നേഹപ്രമാണത്തെ എത്ര പ്രേമകൃതജ്ഞതയോടും വിശ്വസ്തതീക്ഷ്ണതയോടും കൂടി നാം കാത്താദരിക്കേണ്ടിയിരിക്കുന്നുവെന്നു ഗാഢമായി പര്യാലോചിക്കുക.

വിശേഷിച്ചും നമ്മുടെ ദിവ്യഗുരു തന്റെ നിര്യാണസമയത്തു അരുളിച്ചെയ്ത ചാവരുളും സ്ഥാപിച്ച കല്പനകളും മാത്രമല്ല നമ്മെ പ്രസ്തുത സ്നേഹത്തിലേക്കു ആകർഷിക്കേണ്ടതു; കുരിശിന്മേൽ തൂങ്ങിക്കിടക്കയിൽ പ്രദർശിപ്പിച്ച പരസ്നേഹത്തിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളും നമ്മെ ഇതിലേക്കു പൂർവ്വാധികം പ്രോത്സാഹിപ്പിക്കത്തക്കവയാണ്. തന്നെ നിന്ദിച്ചു ദുഷിച്ചിരുന്ന കള്ളന്റെ നേരെ അസാമാന്യ സ്നേഹം കാണിച്ച് അവന്നു പാപ മോചനം നൽകിയില്ലയോ? തന്നെ പരിഹസിച്ചു നിർദ്ദയമായി കൊല്ലുന്നതിന് ഉദ്യോഗപ്പെട്ടിരുന്ന തന്റെ ശത്രുക്കൾക്കുവേണ്ടി ദയാപൂർവ്വം നിത്യപിതാവിനോട് "പിതാവേ! അവരോടു ക്ഷമിക്കണമെ; അവരെന്തു ചെയ്യുന്നുവെന്നറിയുന്നില്ല" എന്നല്ലേ അപേക്ഷിച്ചതു്? ആകയാൽ ദിവ്യരക്ഷിതാവിന്റെ ചാവരുളായ പരസ്നേഹ കല്പനയേയും അപേക്ഷയേയും ദൃഷ്ടാന്തത്തേയും അഗണ്യമാക്കുന്നെങ്കിൽ, നാം തന്റെ ശിഷ്യരും മക്കളുമാകുന്നുവെന്നു പ്രശംസിച്ചു നടക്കുന്നതെങ്ങിനെ? ക്രിസ്തീയപരസ്നേഹരഹിതരായ നാം ക്രിസ്ത്യാനി എന്ന നാമധേയത്തിന്നു പോലും അയോഗ്യരല്ലയോ?

ഇതേവരെ വിവരിച്ചു കാണിച്ചവകളെ സംക്ഷിപ്തമായി ഇങ്ങനെ പറയാം. ഇത്ര ഖണ്ഡിതവും ഗൌരവവും വ്യക്തവും സ്മരണീയവുമായ പരസ്പരസ്നേഹത്തിന്റെ പ്രമാണം മററു സകല പുണ്യങ്ങളിൽ അഗ്രഗണ്യമാകുന്നു. സകലത്തിന്റെയും യഥാർത്ഥ്യവിലയറിഞ്ഞു തീർച്ചപ്പെടുത്തുന്ന ദൈവം ഇത്രയേറെ മതിച്ചു സ്നേഹിച്ച പരസ്നേഹത്തെ നാമും മതിച്ചു സ്നേഹിക്കണമെന്ന് അവിടുന്നാഗ്രഹിക്കയും ഖണ്ഡിതമായി ആജ്ഞാപിക്കയും ചെയ്യുന്നു. ആകയാൽ ക്രിസ്ത്യാനികളുടെ പ്രത്യേക ചിഹ്നമായ പരസ്നേഹത്തെ നാമോരോരുത്തർ എത്രമാത്രം മതിച്ചു സ്നേഹിച്ചു പ്രവൃത്തിയാൽ അനുകരിക്കുന്നുവെന്നു ഗാഢമായി ആലോചിച്ച് ഇതിന്നു വിപരീതമായി കാണുന്ന തെററുകളെപ്പററി അനുതപിച്ച്, മേലാൽ ഈ ഉത്തമ ധർമ്മത്തെ പൂർവ്വാധികം സ്നേഹിച്ചുകൊള്ളാമെന്നു സ്ഥിരമായ പ്രതിജ്ഞ ചെയ്യേണ്ടിയിരിക്കുന്നു.

ഫ. ൨. [illegible]

## ദിവ്യകാരുണ്യാത്ഭുതങ്ങൾ.

൧.

൧൨൪൨-ൽ താർത്താരികളെന്ന ക്രൂരജാതിക്കാരുടെ ഒരു മഹാസൈന്യം, ബെത്തായെന്നൊരു പടനായകന്റെ കീഴിൽ ഓസ്ത്രിയാ രാജ്യത്തെ ആക്രമിച്ച് സിലെസ്യാ മുതലായ നഗരങ്ങളെ ശൂന്യമാക്കിയശേഷം മൊറാവിയാ പ്രദേശത്തിന്റെ അതിർത്തികളിൽ കയറുന്നതിനു ഒരുക്കം ചെയ്തിരുന്നു. ഈ നഗരത്തെ പരിരക്ഷിക്കുന്നതിനായി ബൊഹേമിയായിലെ രാജാവായ വെഞ്ചെസ്ലാസ് പ്രഥമൻ ജറെസ്ലാവു എന്ന പ്രഭുവരനെ ഭരമേല്പിച്ചു. ഈയാൾ ൭൦൦൦ ബൊഹേമിയാക്കാരോടും ൪൦൦൦ മൊറാവിയ പ്രഭുക്കന്മാരോടുംകൂടെ ഓൽമട്ട്സ് എന്ന പട്ടണത്തെ കൈവശപ്പെടുത്തി അതിനെ മരണപര്യന്തം സംരക്ഷിക്കുന്നതിനു തീർച്ചയാക്കി. താമസംവിനാ,

മ്ലേഛന്മാരുടെ അനവധി പട്ടാളംവന്നു പ്രസ്തുത പട്ടണത്തെ ചുററിവളയുകയും അവർ കഴിഞ്ഞ പോരാട്ടങ്ങളിൽ വധിച്ച ക്രിസ്ത്യാനികളുടെ തലകളെല്ലാം പട്ടണവാതുക്കൽ ഭയങ്കര കാഴ്ചയ്ക്കായി സംഭരിക്കയും ചെയ്തു. എന്നാൽ ഈ കാഴ്ചകൊണ്ട് ക്രിസ്തീയ യോദ്ധാക്കളുടെ ധീരത ദ്വിഗുണീഭവിക്കയാണുണ്ടായതു്. ശിരഛേദം ചെയ്യപ്പെട്ട തങ്ങളുടെ സഹോദരങ്ങളെക്കുറിച്ചു ന്യായമായ പ്രതികാരം ചെയ്യേണമെന്നുള്ള തീഷ്ണത അതിയായി ഉജ്ജ്വലിച്ചു. എങ്കിലും ഉത്തമനായ ജാറൊസ്ലാവു തൻെറ ആളുകളുടെ ഉഗ്രമായ പ്രതികാരേഛയെ പതപ്പെടുത്തുകയും അല്പ താമസത്തിന്നുശേഷംമാത്രം പടവെട്ടുന്നതാണു നല്ലതെന്നു വിവേകപൂർവ്വം നിശ്ചയിക്കുകയുംചെയ്തു. ഇപ്രകാരം ചെയ്തതിനാൽ ഏററം നല്ലയൊരവസരം അവൎക്കു ലഭിക്കാതെയുമിരുന്നില്ല. പ്രസ്തുത പട്ടണത്തിൽ ക്രിസ്ത്യാനികൾ യാതൊരു ശ്രമവും ബദ്ധപ്പാടും ചെയ്യുന്നില്ല എന്നുകണ്ടിട്ട് അതു പൌരന്മാരുടെ ഭീരുത്വമാണെന്നു മനസ്സിലാക്കി, ശത്രുക്കൾ വിശ്രമിക്കാനും സുഖഭോഗാദികൾ അന്വേഷിക്കാനും പുറപ്പെട്ടു. സമീപസ്ഥലങ്ങളിലെല്ലാം കയറി ഭക്ഷണപദാൎത്ഥങ്ങളും മററു ദ്രവ്യങ്ങളും കൊള്ളചെയ്യുകയായിരുന്നു അവരുടെ പണി. ഈ നല്ലയവസരം ഫലിപ്പിക്കണമെന്നു ജറൊസ്ലാവും നിശ്ചയിച്ചു. എങ്കിലും ഈ ഉദ്യമം വളരെ അപകടമുള്ള ഒന്നായിരുന്നു. തന്നിമിത്തം ദൈവാനുഗ്രഹം പ്രാൎത്ഥിക്കുന്നതു് അത്യാവശ്യമായിത്തോന്നി. അതിനാൽ വിശുദ്ധ യോഹന്നാൻ മാംദാനായുടെ തിരുനാൾദിവസം ധീരോദാത്തനും സുകൃതിയുമായ ജാറൊസ്ലാവു കോർപ്പൂസ് ക്രിസ്തി എന്ന ദേവാലയത്തിൽ ചെന്ന് പാപസങ്കീൎത്തനംചെയ്ത് ദിവ്യകാരുണ്യം സ്വീകരിക്കയും, ഈ മാതൃകയനുസരിച്ച് ശേഷം സേനാനായകന്മാരും സൈന്യവും പ്രവൃത്തിക്കയും ചെയ്തു. സേനാധിപൻ, തൻെറ ഭടന്മാരെല്ലാവരും ബലവാന്മാരുടെ അപ്പം ഭുജിച്ച് ശക്തന്മാരായിത്തീൎന്നിരിക്കുന്നു എന്നു കണ്ടതിനാൽ, അവർ തങ്ങളുടെ ജന്മഭൂമിക്കും തങ്ങളുടെ വിശ്വാസത്തിന്നും കത്തോലിക്കാ സഭക്കും വേണ്ടി എന്തുചെയ്യേണമെന്നു ഓൎമ്മിപ്പിച്ചുകൊണ്ട് ഏതാനും തീഷ്ണമുള്ള വാക്കുകളെ ഉച്ചരിക്കയും അന്ന് അൎദ്ധരാത്രിയിൽ പടക്കു പുറപ്പെടുവാൻ സന്നദ്ധരായിരിക്കേണമെന്നു ആജ്ഞാപിക്കയും ചെയ്തു.

അൎദ്ധരാത്രിയായി. കാഹളദ്ധ്വനി കേൾക്കപ്പെട്ടു. ജാറൊസ്ലാവും അശ്വഭടന്മാരും പടക്കു പുറപ്പെട്ടു. അപ്പോൾ ഇതാ! സൎവ്വസൈന്യാധിപൻ "പട്ടാളം നിൽക്കട്ടെ" എന്നാജ്ഞാപിച്ചു. ഉടൻ എല്ലാവരും കുതിരപ്പുറത്തുനിന്നിറങ്ങി നിലത്തു മുട്ടുകുത്തി. അദ്ദേഹം സാഷ്ടാംഗം വീണ്, ദൈവജനനി തനിക്കു വിജയം നൽകുന്നതായാൽഅവിടുത്തേപ്പേരിൽ ഒരു ദേവാലയം പണികഴിപ്പിക്കാമെന്നു ഉച്ചസ്വരത്തിൽ ഒരു നേർച്ച പറഞ്ഞൊക്കയും, അപ്പോൾ സൈന്യം മുഴവനും ഉത്തരമായി ഒരു "നന്മനിറഞ്ഞമറിയം" ചൊല്ലുകയും ചെയ്തു. അതിനുശേഷം പൂൎവ്വാധികം ധീരതയോടുകൂടി കോട്ടയിൽനിന്നു പുറപ്പെട്ടു. ശത്രുക്കളുടെ എണ്ണം നിമിത്തം അവർ ഒട്ടുംതന്നെ ഭയപ്പെട്ടില്ല. അവർ കൎത്താവിൻെറ നാമത്തിലത്രേ യുദ്ധത്തിനു പുറപ്പെട്ടതു്. എന്നല്ല, സൈന്യങ്ങളുടെ കൎത്താവായ ദൈവം തന്നെ അവരെ അനുഗമിച്ചിരുന്നു എന്നു വേണം പറവാൻ. എന്തുകൊണ്ടെന്നാൽ അന്നു രാവിലെ അവരെല്ലാവരും ബലിപീഠത്തിനു ചുററുംനിന്നു ജീവൻെറ അപ്പമായ വിശുദ്ധ കുർബ്ബാന ഉൾക്കൊണ്ടു കഴിഞ്ഞപ്പോൾ അഞ്ചു തിരുഓസ്തികൾ ശിഷ്ടമുണ്ടായിരുന്നു. ആ സന്ദൎഭത്തിൽ ജാറൊസ്ലാവു, ദൈവകല്പനപ്രകാരം ഇസ്രായേൽ ജനത്തിൻെറകൂടെ പടക്കളത്തിലേക്കു കൊണ്ടുപോയിരുന്ന വാഗ്ദാനത്തിൻെറ പെട്ടകത്തെപ്പററി സ്മരിച്ചതിനാൽ അതിനേക്കാൾ അളവററവിധം ശക്തിക്കൂടുതലുള്ള ഈ വിശുദ്ധ കുർബ്ബാനയെ തൻെറകൂടെ പോൎക്കളത്തിൽ കൊണ്ടുപോകണമെന്നു നിശ്ചയിച്ചു. ഒരു പട്ടക്കാരൻ പ്രസ്തുത തിരുഓസ്തികൾ ഏറ്റവും വിശേഷമായ ഒരു പെട്ടിയിൽ വച്ചുകൊണ്ടു സൈന്യത്തിൻെറ മുമ്പിൽ നടക്കുന്നതിനു ചട്ടംകെട്ടി. ഇപ്രകാരം

പടയാരംഭിച്ചു. വിജയത്തിൽ പൂർണ്ണനിശ്ചയമുള്ളവരായ ക്രിസ്തീയ യോദ്ധാക്കൾ ഗാഢനിദ്ര പ്രാപിച്ചിരുന്ന ശത്രുക്കളുടെ മുൻനിരകളെ സംഹരിക്കയും അനന്തരം പാളയത്തിൽ കുടിച്ചു മത്തന്മാരായി കിടന്നിരുന്ന മ്ലേച്ഛന്മാരെ അവരറിയുന്നതിനുമുമ്പായി വധിക്കുകയും ചെയ്തു. ശത്രുനായകനായ ബെത്താ സൈന്യാവശിഷ്ടങ്ങളെ ഒന്നുകൂടി ക്രമീകരിച്ചു എതൃത്തുനില്പാൻ ശ്രമിച്ചെങ്കിലും ഒന്നും സാധിക്കാതെ അവനും ജാറൊസ്ലാവിൻെറ വാളിന് ഇരയായി വീഴുകയാണുണ്ടായത്. കടശി സംഹാരം നിറുത്താൻ അദ്ദേഹം ആജ്ഞാപിച്ചു. ഭയവിഹ്വലന്മാരായിത്തീൎന്ന ശേഷം ശത്രുഗണങ്ങൾ തദ്ദേശം വിട്ടോടിപ്പോവുകയും ഇങ്ങനെ ക്രിസ്ത്യാനികൾക്കു പൂൎണ്ണവിജയം ലഭിക്കയും ചെയ്തു. ഈ ഘോരസമരത്തിനിടയിൽ ഈശോമ്ശിഹാ ക്രിസ്തീയ യോദ്ധാക്കളെ സഹായിച്ചുകൊണ്ട് ശത്രുക്കളോടു താനും പോരാടിയിരുന്നു എന്നു പ്രത്യക്ഷമായി സാക്ഷിക്കുമാറു, വിശുദ്ധ കുൎബ്ബാന വഹിക്കപ്പെട്ടിരുന്ന പെട്ടിയുടെ ചുററും ഏററവും പ്രകാശമുള്ള കതിരുകൾ വീശിയിരുന്നു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

ഫാ. ജ. ഫ

## തിരുമുഖത്തോടു കൊച്ചുത്രേസ്യാ ചെയ്തിരുന്ന ജപം.

നിൻെറ കഠിനമായ കഷ്ടാനുഭവത്തിൽ മനുഷ്യരുടെ ആക്ഷേപവും വ്യാകുലതകളുടെ മനുഷ്യനും ആയിത്തീൎന്ന ഈശോയേ! നിൻെറ തിരുമുഖത്തെ ഞാൻ ആരാധിക്കുന്നു. ഒരിക്കൽ നിൻെറ തിരുമുഖം ദൈവികത്വത്തിൻെറ സൌന്ദൎയ്യവും മാധുൎയ്യവും ആയിരുന്നു. എന്നാൽ ഇപ്പോൾ അത് എന്നെക്കുറിച്ചു ഒരു കുഷ്ഠരോഗിയുടെ മുഖംപോലെ ആയിത്തീൎന്നുവല്ലോ! എന്നാലും ആ വിരൂപമായ മുഖത്തിൽ അങ്ങേ അപരിമിതമായ സ്നേഹത്തെ ഞാൻ കാണുകയും അങ്ങേ സ്നേഹിക്കുന്നതിനും മനുഷ്യരെല്ലാവരെയുംകൊണ്ട് അങ്ങേ സ്നേഹിപ്പിക്കുന്നതിനും ഉള്ള ആഗ്രഹത്തിൽ ഞാൻ ലയിച്ചുപോകയും ചെയ്യുന്നു. അങ്ങേ നേത്രങ്ങളിൽനിന്നു ഏററവും ധാരാളമായി ഒഴുകിയിരുന്ന കണ്ണുനീരുകൾ എനിക്കു വിലയേറിയ മുത്തുകൾപോലെ ആയിരിക്കുന്നു. അവയുടെ അളവററ വിലകൊണ്ട് പാപപ്പെട്ട പാപികളുടെ ആത്മാക്കളെ വീണ്ടുകൊള്ളുന്നതിനായി അവയെ ഞാൻ സന്തോഷപൂൎവ്വം ശേഖരിക്കയും ചെയ്യുന്നു.

ഹാ! ഈശോയേ! എൻെറ ഹൃദയത്തെ ആകൎഷിക്കുന്ന സൌന്ദൎയ്യം അങ്ങേ ദിവ്യദൎശനത്തിൻെറ മാധുൎയ്യം കണ്ടാനന്ദിക്കുന്നതിനും അങ്ങേ ചുംബനത്തിൻെറ അവൎണ്ണനീയമായ ഇമ്പം അനുഭവിക്കുന്നതിനും എനിക്കു ഇഹത്തിൽ സാധിക്കാതെവന്നേക്കാം. അങ്ങേ തിരുച്ചിത്തത്തിന്നു ഞാൻ കീഴ്വഴങ്ങുന്നു. എന്നാലും അങ്ങേ ദിവ്യപ്രതിമയെ എന്നിൽ പതിച്ച് അങ്ങേ സ്നേഹത്താൽ എന്നെ ഉജ്ജ്വലിപ്പിച്ചു, തൻമൂലം ഞാൻ വേഗത്തിൽ ക്ഷയിച്ച് സ്വൎഗ്ഗത്തിൽ അങ്ങേ മഹത്വമേറിയ മുഖദൎശനത്തെ ശീഘ്രത്തിൽ പ്രാപിക്കത്തക്കവണ്ണം കൃപ ചെയ്യേണമെന്നു അങ്ങയോടു ഞാൻ പ്രാൎത്ഥിക്കയും ഹൃദയപൂൎവ്വം അപേക്ഷിക്കയും ചെയ്യുന്നു. ആമ്മേൻ.

൩൦൦ ദി. ദ. ഓരോ പ്രാവശ്യം.
൧൦-ാം പീയൂസ്.

## വിശുദ്ധ ചെച്ചീലിയാ.

(തുടൎച്ച)

ഈ പുണ്യവതിയുടെ നേൎക്കുള്ള ഭക്തി യൂറോപ്പിൽ കാട്ടുതീ പോലെ വ്യാപിച്ചു. പ്രാൻസ് ജൎമ്മനി ഗ്രേറുബ്രിട്ടൻ ഈ രാജ്യങ്ങളിൽനിന്നു അനവധി ആളുകൾ ചെച്ചീലിയായുടെ ദേവാലയം സന്ദൎശിക്കുന്നതിനായി ഇററലിയിൽ വന്നിരുന്നു. മററു പല ദേവാലയങ്ങളിലും ചെച്ചിലിയായുടെ തിരുശ്ശേഷിപ്പുകളുണ്ടെ

ന്നു പലരും വിശ്വസിച്ചുവന്നു. പക്ഷെ ചെച്ചിലിയായുടെ ശരീരത്തിൻെറ ഒരല്പ ഭാഗം യാദൃശ്ചികമായി അതിൽനിന്നു വേർവിട്ടതല്ലാതെ യാതൊരു കേടും അതിന്നു സംഭവിച്ചിട്ടില്ലെന്നും ആ ശരീരത്തിൻെറ യാതൊരംശവും അന്യർക്ക കിട്ടാനിടയില്ലെന്നും പാസ്കൽ മാർപ്പാപ്പായുടേയും അടുത്ത കാലങ്ങളിലെ ദൃക്സാക്ഷികളുടേയും വിവരണങ്ങളിൽ നിന്നു മനസ്സിലാക്കാം. ഈ പുണ്യവതിയെക്കൂടാതെ വേറെ മൂന്നു ചെച്ചീലിയാമാരെക്കൂടി വിശുദ്ധകളായി തിരുസഭ ബഹുമാനിച്ചുപോരുന്നുവെന്നും അവരിൽ രണ്ടുപേർ റോമാക്കാരാണെന്നുമുള്ള വസ്തുത ഇവിടെ പ്രത്യേകം സ്മരണീയമാണ്. ഇവരുടെ ശരീര ശകലങ്ങൾ പലരും കൊണ്ടുപോയി സൂക്ഷിക്കുകയും കാലാന്തരത്തിൽ അവയുടെ ഉത്ഭവം മനസ്സിലാക്കാൻ കഴിയാതെ വന്നപ്പോൾ അവ റോമ്മായിലെ മഹതിയായ നമ്മുടെ ചെച്ചീലിയായുടേതായിരിക്കണമെന്നു വിചാരിക്കുകയും ചെയ്തതിൽ നിന്നാണ് പൂർവ്വോക്താഭിപ്രായം ഉത്ഭവിച്ചിട്ടുള്ളത്.

പാസ്കൽമാർപ്പാപ്പാ ൮൨൪-ൽ മരിച്ചു. അദ്ദേഹം സ്ഥാപിച്ച സന്യാസാശ്രമം അന്യരുടെ പക്കൽ ഏല്പിക്കപ്പെട്ടു. ഒരു ദേവാലയമായി അതിനെ അവർ ഉപയോഗിച്ചു തുടങ്ങി. വീണ്ടും ബെനദിക്തോസ് സഭക്കാർക്ക തന്നെ പ്രസ്തുത ആശ്രമം കിട്ടുന്നതിന്നിടയായി. പക്ഷെ പതിനാറാം ശതാബ്ദത്തിൻെറ ആരംഭത്തിൽ ഈ സഭക്കാരുടെ അസംഖ്യങ്ങളായ സ്ഥാപനങ്ങളുടെ പരിപാലനത്തിന് ആളുകൾ ഇല്ലാതായതിനാൽ ഈ ആശ്രമത്തെ അവർ ഉപേക്ഷിക്കേണ്ടിവന്നു. ചെച്ചീലിയായുടെ ദേവാലയം റോമ്മായിലെ കർദ്ദിനാളന്മാർ മിക്കവരുടേയും, സ്ഥാന സ്വീകരണത്തിൽ അവരുടെ പേരുകളോടുകൂടി ചേർക്കപ്പെട്ടിരുന്നുവെങ്കിലും ൧൫൨൭-ൽ പതിവുപോലെയുള്ള തിരുനാൾ ആഘോഷിക്കുന്നതിന് തീരെ സൌകര്യമില്ലാത്തവിധം നാശസ്ഥിതിയിൽ ആയിത്തീർന്നു. ൧൫൯൦ ഡിസംബർ ൫-ാംനു പതിന്നാലാമത്തെ ഗ്രിഗോരിയോസ് മാർപ്പാപ്പാ സ്ഥാനാരോഹണനായി. അദ്ദേഹത്തിൻെറ സഹോദരപുത്രനും ഒരു യുവവൈദികനും ആയിരുന്ന പോൾ എമീലിയസ് സ്ഫോൺഡ്റാറെറാ എന്ന മഹാനെ "ചെച്ചിലിയായുടെ ദേവാലയത്തിൻെറ കർദ്ദിനാളാ"യി അഭിഷേകം ചെയ്തു. സ്ഫോൺഡ്റാറേറാ കുടുംബക്കാർ മിലാനിൽ താമസിച്ചിരുന്നവരാണ്. എന്നാൽ പോൾ ചെറുപ്പത്തിൽ തന്നെ റോമായിൽ വരികയും വിശുദ്ധ ഫീലിപ്പോസ് നേരിയുടെ ശുശ്രൂഷയിലും സൂക്ഷത്തിലും വളർത്തപ്പെടുകയും ചെയ്തു. അദ്ദേഹത്തിൻെറ ബുദ്ധി, ജ്ഞാനം, ദരിദ്രാനുകമ്പ, സ്നേഹം ഇവ അസാധാരണമായിരുന്നു. ദൈവത്തേയും വിശുദ്ധന്മാരേയും ബഹുമാനിക്കുകയും സങ്കടപ്പെട്ടുന്നവരെ സംരക്ഷിക്കുകയും ചെയ്യുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ രണ്ടു പ്രധാന ജീവിതോദ്ദേശ്യങ്ങൾ. ദേവാലയങ്ങൾ പണി ചെയ്യിച്ചു അവയെ അലങ്കരിക്കുകയും അവിടെ നിവസിച്ചിരുന്നവരെ സംരക്ഷിക്കുകയും ചെയ്യുന്നതിൽ തനിക്കുണ്ടായിരുന്ന അനവധി സ്വത്തിൻെറ ഒരു ഭാഗം അദ്ദേഹം വിനിയോഗിച്ചു. പാവപ്പെട്ടവർക്കുള്ള നിസ്സാരമായ സ്വത്തിനെക്കുറിച്ച് അവർക്കഹംഭാവം തോന്നാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മഹാസ്വത്തുടമസ്ഥനായ അദ്ദേഹവും ദരിദ്രാവസ്ഥയിൽതന്നെ ജീവിച്ചു. തനിക്കുണ്ടായിരുന്ന സർവ്വസ്വവും പാവപ്പെട്ടവർക്ക ദാനം ചെയ്യുന്നതിനായി ദൈവം അദ്ദേഹത്തെ ഏല്പിച്ചുവയാണന്നത്രെ അദ്ദേഹം വിശ്വസിച്ചിരുന്നത്.

സ്ഫോൺഡ്റാറേറാ ൧൫൯൦-ൽ റോമായിൽ വന്നപ്പോൾ, ചെച്ചിലിയായുടെ ദേവാലയം നന്നായി പണിയിക്കുകയും പാസ്കൽ മാർപ്പാപ്പാ വച്ചിരുന്ന തിരുശ്ശരീരത്തിൻെറ വാസ്തവമായ സ്ഥാനവും അതവിടെയുണ്ടെന്നു തെളിയിക്കുന്ന രേഖകളും കാലപ്പഴക്കത്താൽ ദൃശ്യങ്ങളല്ലായിരുന്നതിനാൽ, അവയെ ശരിയായി കണ്ടുപിടിക്കുകയും ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിൻെറ പ്രധാനമായുണ്ടായിരുന്ന ഉദ്ദേശങ്ങൾ. ചെച്ചീലിയാ കിടന്നു മരിച്ച മുറി കണ്ടുപിടിക്കുന്ന ജോലിയും അദ്ദേഹം തന്നെ നിർവ്വഹിച്ചു. അ

ഭൃകാലത്തു ആ സ്ഥലത്തൊരു കപ്പേള പണിയിച്ചിരുന്നു. ക്രമേണ ആ കപ്പേളയും വലിയ പള്ളിയുടെ ഒരംശമാക്കപ്പെട്ടു. ചെറുപ്പകാലത്തു ആ കപ്പേളയിൽ മുട്ടുകുത്തി നമസ്കരിച്ചിരുന്ന പല വൃദ്ധന്മാരും ജീവിച്ചിരുപ്പുണ്ടായിരുന്നു. അവരുടെ തെളിവുകൾ അദ്ദേഹത്തിൻെറ ശ്രമത്തെ അത്യധികം സഹായിച്ചില്ല. പുരാതനങ്ങളായ പല തെളിവുകളേയും പ്രതിദിനം പരിശോധിച്ചിരുന്ന ഈ കർദ്ദിനാൾ, ആ കപ്പേളയുടെ സ്ഥാനങ്ങളും, മാർബിൾത്തറ, ആവിയന്ത്രങ്ങൾ, ആവി കയററിയിരുന്ന കുഴലുകൾ ഇവയും ശരിയായി മനസ്സിലാക്കി. 'കലിഡേറിയസ്'' അഗ്നിമണ്ഡപം ഈ അവസരത്തിൽ ഒരു ചെറിയ വസതിയായി തോന്നി. അവിടെ ഇടിഞ്ഞുവീണു കിടന്നിരുന്ന കല്ലും മണ്ണും എല്ലാം മാററിയപ്പോൾ അനേക ശതാബ്ദങ്ങൾക്കുമുമ്പ് അവിടെ നടന്ന അത്ഭുതകൃത്യത്തിൻെറ ഭയങ്കരത്വം മനസ്സിലാക്കുന്നതിനു യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല.

പുതിയതായി പണിയിക്കപ്പെട്ട പള്ളിയുടെ ഉന്നത അൽത്താരക്കു കീഴെ വേറെ പുണ്യവാന്മാരുടെ തിരുശ്ശേഷിപ്പുകൾ കൂടി സ്ഥാപിക്കണമെന്നുള്ള ആഗ്രഹത്താൽ തറയിലെ കല്ലുകൾ പൊളിച്ചുമാററുന്നതിനായി, ഭക്തനായ പോൾ കർദ്ദിനാൾ ആജ്ഞാപിച്ചു. ഒരു ചെറിയ ഗുഹയല്ലാതെ വേറൊന്നും കാണുന്നതിനവക്കു സാധിച്ചില്ല. കുറേക്കൂടി താഴോട്ടു കുഴിച്ചിറങ്ങിയപ്പോൾ വളരെ കഠിനമുള്ള കല്ലുകൊണ്ടുണ്ടാക്കിയിരുന്ന ഒരു ഭിത്തി അവർ കണ്ടു. ചെച്ചീലിയായുടെ ശരീരം സൂക്ഷിച്ചിരുന്നതായി പാസ്കൽ മാർപ്പാപ്പാ വിവരിച്ചിട്ടുള്ള മുറി ഇതുതന്നെയാണെന്നും മനസ്സിലാക്കിക്കൊണ്ട് ഉള്ളിലിരിക്കുന്ന സാധനങ്ങളെ അല്പമെങ്കിലും കാണത്തക്കവണ്ണം ഒരു വിള്ളൽ ഉണ്ടാക്കുന്നതിനും, ആ തിരുശ്ശരീരത്തിനു ചെയ്യേണ്ട വണക്കം ഏതുവിധമുള്ളതായിരിക്കണമെന്നു സംശയിച്ചതിനാൽ, അദ്ദേഹം കൂട്ടത്തിലുള്ളയവസരത്തിൽ മാത്രമേ അവിടെ പണി നടത്താവൂ എന്നും അദ്ദേഹം പണിക്കാരോടാവശ്യപ്പെട്ടു.

## XV.

൧൫൯൯ ഒക്ടോബർ ൨൦നു-യാണ് ആ ഭിത്തിയിൽ ഒരു ദ്വാരം പൂർത്തിയാക്കിയത്. പോൾ കർദ്ദിനാൾ ഒരു മെഴുകുതിരി കത്തിച്ചുകൊണ്ട്, വലിയ ആദരവോടുകൂടി ഉള്ളിലേക്കു നോക്കിയപ്പോൾ രണ്ടു മാർബിൾത്തട്ടങ്ങൾ അടുത്തടുത്തു വലിയ അൽത്താരക്കു നേരെ താഴെയിരിക്കുന്നതു കണ്ടു. ചെച്ചീലിയായും സഖാക്കളും അവിടെത്തന്നെ ഉണ്ടായിരുന്നുവെന്നും പാസ്കൽ മാർപ്പാപ്പാ വച്ച സ്ഥിതിയിൽതന്നെ മാർബിൾത്തട്ടങ്ങൾ ഇരുന്നുവെന്നും അദ്ദേഹം നിശ്ചയിച്ചു. പക്ഷേ, വിശ്വസ്തന്മാരായ സാക്ഷികൾ കൂടാതെ ഈ തട്ടങ്ങൾ എടുത്തു തുറക്കുന്നതിനു അദ്ദേഹത്തിനു ധൈര്യമുണ്ടായില്ല. വിശുദ്ധ ശരീരങ്ങൾ കാണുന്നതിന് അദ്ദേഹം അക്ഷമനായിരുന്നതിനാൽ സമീപത്തുള്ള നാലു യോഗ്യന്മാരെ ആളയച്ചു വരുത്തി. കർദ്ദിനാൾ വികാരിയുടെ വൈസ് റീജൻറായിരുന്ന മെത്രാനും, വിശുദ്ധ ജോൺ ലാത്തെറൻെറ ഒരു സെക്രട്ടറിയും, ഈശോസഭയിലെ രണ്ടു വൈദികരും സാക്ഷികളായി വന്നുചേൎന്നു. അവരോടുകൂടി മററനേകംപേരും ഉണ്ടായിരുന്നു. പണിക്കാർ ആ കല്ലു വെട്ടിപ്പൊളിച്ച് മാർബിൾതട്ടം എടുത്തു പുറത്തുവച്ചു തുറന്നിട്ട്, ചെച്ചീലിയായുടെ മരണാനന്തരം വി. ഉർബാനോസു മാർപ്പാപ്പാ അവരെ വച്ച ആ ചെറിയ സൈപ്രസ് പെട്ടിയെ, കണ്ണുനീർ പൊഴിച്ചുകൊണ്ടു നിന്ന ജനങ്ങൾക്കു പ്രത്യക്ഷമാക്കിയപ്പോൾ, അവരുടെ വിചാരങ്ങൾ ഏതുവിധമായിരുന്നുവെന്നു നമുക്ക് ഊഹിക്കുവാൻപോലും സാധിക്കുന്നതല്ല.

വളരെ സൂക്ഷ്മതയോടുകൂടി ആ പെട്ടി എടുത്തു പുറത്തുവെച്ചു; അത്, തലേദിവസം അടച്ചുവെച്ചാലത്തെപ്പോലെ അത്ര പുതിയതായിരുന്നു. അതിൻെറ മൂടിക്ക് അല്പം പഴക്കം ചെന്നതുപോലെ തോന്നി. ആ മൂടി തുറക്കുന്നതിനു പലരും ശ്രമിച്ചു. സാധിച്ചില്ല. അവസാനം പോൾ കർദ്ദിനാൾതന്നെ പരിശോധിച്ചപ്പോൾ, അടപ്പും കീഴ്ഭാഗവും യോജിച്ചിരുന്നിടത്ത് ദീർഘമായ ഒരു ദ്വാരവും, അതിൽ കീഴ്ഭാഗത്തിൻെറ വക്ക്

ഒരു കൊളുത്തുപോലെ മടക്കി കോർത്തിട്ടിരിക്കുന്നതും കണ്ടു. അദ്ദേഹംതന്നെ അതു വലിച്ചു തുറന്നു. ഒരു ശിശുവിനെപ്പോലെ ഉറങ്ങിക്കിടക്കുന്നുവെന്നു തോന്നുമാറു്, ആ പെട്ടിക്കകത്തു കിടന്നിരുന്ന ചെച്ചീലിയായുടെ ശരീരം കർദ്ദിനാളും മററു ജനങ്ങളും വളരെ ആദരത്തോടുകൂടി നോക്കിക്കൊണ്ടു നിന്നു.

പാസ്കൽ മാർപ്പാപ്പായുടെ വിവരണങ്ങളിൽനിന്നു് ആ ശരീരത്തിനു യാതൊരു വ്യത്യാസവുമില്ലായിരുന്നു. അവർ ധരിച്ചിരുന്ന വസ്ത്രത്തിൻെറ സ്വർണ്ണക്കസവും ഡമാസ്ക് പട്ടുകൊണ്ടുണ്ടാക്കിയിരുന്ന വൃത്തമൂടിയും, പാസ്കൽ മാർപ്പാപ്പാമിതെയിട്ടിരുന്ന ലോലവസ്ത്രത്താൽ അല്പം മങ്ങി കാണപ്പെട്ടതല്ലാതെ, മററു യാതൊരു വ്യത്യാസവും ഉണ്ടായിരുന്നില്ല. ചെച്ചീലിയായുടെ മരണാവസരം മുതൽ ഒരുത്തക്കും അവരുടെ മുഖം കാണുന്നതിനു സാധിച്ചില്ല. കവിൾത്തടങ്ങളുടെ ശോഭനീയമായ രേഖകൾ മാത്രമേ അന്യക്കു കാണാമായിരുന്നുള്ളു. ഈ പുണ്യവതിയുടെ അവസാനചലനം തന്നെ വിശ്വാസത്തിൻെറ ഒരു ലക്ഷണമാണെന്നു കാണികൾക്കു തോന്നാതിരുന്നില്ല. ദൈവത്തിൻെറ ഏകത്രീത്വങ്ങളെ ലക്ഷ്യപ്പെടുത്താനെന്നപോലെ, ഒരു കയ്യുടെ മൂന്നു വിരലുകളും മററതിൻെറ ഒരു വിരലും നീട്ടിപ്പിടിച്ചിരുന്നു. ആ പെട്ടിയുടെ അടപ്പു പൊക്കിയ ഉടനെ, സ്വർഗ്ഗീയമായ ഒരു സൌരഭ്യം അതിൽനിന്നു പുറപ്പെട്ടു് ചുററുമുള്ള സ്ഥലങ്ങളിൽ വ്യാപിച്ചു.

സീമാതീതമായ സന്തോഷത്തോടുകൂടി, സ്പൊൺ ഡ്റാറേറാ, മററുള്ളവർ ഒരുമിച്ചു് ആ പെട്ടിയെടുത്തു വെളിച്ചത്തുകൊണ്ടുപോയി ഒരു ചെറിയ കപ്പേളയിൽ സ്ഥാപിച്ചു. ചുററിലും പട്ടുകൊണ്ടുള്ള വിരി ഇട്ടിരുന്നഒരു മേശപ്പുറത്തു്, ഈപെട്ടി സ്ഥാപിച്ച ക്ഷണത്തിൽ, അനവധിവിളക്കുകൾ അടുത്ത പ്രദേശങ്ങളിലെല്ലാം ശോഭിക്കുകയും വിവിധ വർണ്ണങ്ങളോടുകൂടിയ പുഷ്പങ്ങൾ ആ മേശയെ അലങ്കരിക്കുകയും ചെയ്തു. തിരുശ്ശരീരത്തിൻെറ രക്ഷയ്ക്കായി ചുററിലും ഒരഴിയും സ്ഥാപിച്ചു. ബഹുമാനസൂചകമായി, സമീപസ്ഥമായ ,സന്യാസാശ്രമത്തിലെ കന്യാസ്ത്രീകൾ അംഗരക്ഷകന്മാരെപ്പോലെ, ചുററിലും മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നു. ഇററലിയുടെ നാനാഭാഗങ്ങളിൽനിന്നും ചെച്ചീലിയായുടെ പ്രാർത്ഥനയെയും അനുഗ്രഹങ്ങളേയും യാചിക്കുന്നതിനായി അവിടെ കൂടിയ ജനങ്ങളുടെ സംഖ്യ അനവധിയായിരുന്നു. സ്വർഗ്ഗീയമായ സൌരഭ്യത്തിൻെറ മഹിമയ്ക്കു് എന്തെങ്കിലും ഹാനി സംഭവിച്ചേക്കുമെന്നു കരുതി, സുഗന്ധദ്രവ്യങ്ങൾ യാതൊന്നും ഉപയോഗിക്കുന്നതിനു അനുവദിച്ചില്ല. ഒരു മഹാരോഗബാധയിൽനിന്നു സുഖം പ്രാപിച്ചിട്ടു് അധികനാളായിരുന്നില്ലെങ്കിലും, ശരീരശ്രമത്തെ വകവെക്കാതെ, മഹാനായ എട്ടാമത്തെ ക്ലെമെൻറു് മാർപ്പാപ്പായും ഈ ശരീരത്തെ സന്ദർശിക്കുന്നതിനും അവിടെ പ്രാർത്ഥിക്കുന്നതിനുമായി ഫ്റസ്കാററി എന്ന സ്ഥലത്തുനിന്നു് അവിടേക്കു വന്നിരുന്നു. (തുടരും)

## കത്തോലിക്കാ മെത്രാന്മാരുടെ ഒരു മഹായോഗം.

മൈസൂർ മെത്രാൻ അവർകളുടെ പട്ടാഭിഷേകം കഴിഞ്ഞ ജനുവരി ൨൭-ാം നു- ബങ്കളൂരിൽവച്ചു നടത്തുകയുണ്ടായി. ആ അവസരം പ്രമാണിച്ചു സന്നിഹിതരായിരുന്ന മെത്രാന്മാരുടെ ഒരു യോഗം, പുതുശ്ശേരി മെത്രാപ്പോലീത്താ അവർകളുടെ ആദ്ധ്യക്ഷത്തിൽ ജനുവരി ൨൭-ാം നു- മുതൽ ൩൦-ാംനു- വരെ അവിടെ വച്ചു നടന്നു. പ്രസിഡണ്ടിനെ കൂടാതെ നി. വ. ദിവ്യശ്രീമാന്മാരായ മദ്രാസ് മെത്രാപ്പോലീത്താ അവർകൾ, മൈസൂർ, മൈലാപ്പൂർ, തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, കുംഭകോണം, മംഗലാപുരം എന്നീ രൂപതകളിലെ മെത്രാന്മാർ യോഗത്തിൽ ഹാജരായിരുന്നു. അതിലെ നിശ്ചയങ്ങളാണു കീഴെ കാണുന്നതു്.

൧. ലൂർദുമാതാവു പ്രത്യക്ഷയായതിൻെറ വജ്രജൂബിലി വഷമായ ൧൯൩൮-ൽ മദ്ധ്യൻ കോൺഗ്രസ്സ് കൂടേണ്ടതാണെന്നു് ഐകകണ്ഠ്യമായി തീർച്ചപ്പെടുത്തി

യിരിക്കുന്നു. ഈ കോൺഗ്രസ്സ് കൂടുവാനുള്ള തീയതി സെപ്തംബർ മാസാവസാനത്തിൽ മൈക്കൽമാസ് വെക്കേഷൻ കാലത്തോ അല്ലാത്തപക്ഷം ക്രിസ്തുമസ്സ് വെക്കേഷൻ കാലത്തോ ആകുണമെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു.

മരിയൻ കോൺഗ്രസ്സിന്നു വേണ്ട സകല ചെലവുകളുംകഴിച്ചു ബാക്കിവരുന്ന പണം ചെലവഴിക്കേണ്ടതിനെപ്പററി അനേകം അഭിപ്രായങ്ങൾ പ്രകടിപ്പിക്കയുണ്ടായി. ആ തുകയെ മദ്രാസിൽ സ്ഥാപിക്കാനാലോചിച്ചിട്ടുള്ള കത്തോലിക്കാ മന്ദിരത്തിലേയ്ക്കു ഉപയോഗപ്പെടുത്തണമെന്നുള്ള അഭിപ്രായത്തിന്നു അഞ്ചുപേർ അനുകൂലികളായിരുന്നു. ഇന്ത്യൻ വൈദികന്മാരുടെ വിദ്യാഭ്യാസവിഷയത്തിലേക്കുള്ള ഒരു ദാനമായി ആ തുക കാ൯ഡി സെമ്മനാരിക്കു കൊടുക്കണമെന്നു രണ്ടുപേരും, ഇന്ത്യയിലെ കത്തോലിക്കാ പത്രങ്ങളുടെ അഭിവൃദ്ധി വിഷയത്തിലേക്കുള്ള ഒരു മൂലധനമായി അതു സൂക്ഷിക്കേണമെന്നു ഒരാളും അഭിപ്രായപ്പെട്ടു. അല്ലാത്തപക്ഷം മേലുള്ള കോൺഗ്രസ്സുകൾ കൂടുന്നതിലേക്കുള്ള ഒരു മൂലധനമായി അതു സൂക്ഷിച്ചാൽ മതിയാകുമെന്നും ഒരാൾ അഭിപ്രായപ്പെട്ടു.

മയ്യൻ കോൺഗ്രസ്സ് കൂടുന്നതിനേയും ടി. ബാക്കിസംഖ്യ ചെലവഴിക്കേണ്ടതിനേയും സംബന്ധിച്ച വിഷയത്തിൽ ഇന്ത്യ, ബമ്മാ, സിലോൺ, എന്നിവിടങ്ങളിലെ എല്ലാ മെത്രാന്മാരുടേയും അഭിപ്രായങ്ങളറിവാനായി ഈ നിശ്ചയത്തെ ഇന്ത്യയിലെ മററു മെത്രാന്മാക്കു സദയം എഴുതി അയച്ചു അറിവുകൊടുക്കേണ്ടതിന്നായി ത്രിശ്ശിനാപ്പള്ളി മെത്രാനവർകളോടു അപേക്ഷിച്ചിരിക്കുന്നു.

൨ മദ്രാസ് പ്രസിഡെൻസിയിൽ കത്തോലിക്കാ സാഹിത്യത്തെ പ്രചരിപ്പിക്കുവാനായിഒരുകത്തോലിക്കാസത്യസംഘം സ്ഥാപിക്കണമെന്നു തീർച്ചപ്പെടുത്തി. ഇതിനെ സംബന്ധിച്ചു പ്രവൃത്തി നടത്തേണ്ട വിധത്തെ കുറിക്കുന്ന ഒരു കാൎയ്യപരിപാടി തയാറാക്കി, ആലോചനയ്ക്കും അനുമതിക്കുമായി ഈ കോൺഗ്രസ്സിലെ അംഗങ്ങൾക്കു സമപ്പിക്കണമെന്നു ത്രിശ്ശിനാപ്പള്ളിയിലെ റവ. ഫാദർ ലക്കൊംബെചർകളോടു അപേക്ഷിച്ചിരിക്കുന്നു.

൩. കത്തോലിക്കൎക്കു വിരോധമായ വത്തമാനക്കടലാസ്സുകളേയും അപ്രകാരമുള്ളതും സന്മാൎഗ്ഗവിരുദ്ധമായതുമായ പ്രസിദ്ധീകരണങ്ങളേയും കത്തോലിക്കർ വായിച്ചുകൂടെന്നു അവരെ ഈ മഹായോഗം ബലമായവിധത്തിൽ ഓമ്മപ്പെടുത്തിക്കൊള്ളുന്നു.

൪. അതതു സ്ഥലത്തെ മെത്രാന്മാരുടെ ഭരണത്തിൻകീഴിൽ പ്രാദേശിക കത്തോലിക്കാ സംഘങ്ങൾ ഉണ്ടാകുന്നതിന്നു പ്രോത്സാഹിപ്പിക്കണം. മദ്രാസ് പ്രസിഡൻസിയിൽ അവിടവിടെയുണ്ടാകുന്ന പല സംഘങ്ങളേയുംകൂടി ഏതെങ്കിലുമൊരു സംയോജക സംഘത്താൽ യോജിപ്പിക്കുന്നതു നന്നായിരിക്കും. ഈ സമാജസംയോജക കമ്മററിയുടെ തലസ്ഥാനം മദ്രാസിൽ ആയിരിക്കണം. മദ്രാസ് മെത്രാപ്പോലീത്താച്ചനവർകൾ അതിൻെറ ഉദ്യോഗസ്ഥ പ്രസിഡണ്ടുമായിരിക്കണം. രൂപതസംബന്ധിച്ച സകല കാൎയ്യങ്ങളും അതതു രൂപതകളിലെ അഥവാ പ്രാദേശിക സംഘങ്ങൾക്കു പൂൎണ്ണമായി വിട്ടുകൊടുക്കണം. എന്നാൽ സംസ്ഥാനത്തെ കത്തോലിക്കരുടെ പൊതുക്കാൎയ്യങ്ങളെ സംബന്ധിക്കുന്ന സംഗതികൾ സംയോജിപ്പിക്കപ്പെട്ട സംഘങ്ങളുടെയെല്ലാം അഭിപ്രായം അറിഞ്ഞതിനുശേഷം സംയോജന കമ്മററിക്കാർ തീർച്ചപ്പെടുത്തണം. തെക്കെ ഇൻഡ്യയിലുള്ള കത്തോലിക്കാ സംഘങ്ങളുടെ മേൽപറഞ്ഞ പ്രകാരമുള്ള ഒരു സംയോജിത മഹാ സംഘം തെക്കെ ഇൻഡ്യൻ സംഘത്തേക്കാൾ നല്ലതും അധികം ഉപകാരപ്രദവും ആണെന്നുള്ളതിനാൽ അപ്രകാരമുള്ള ഒരു സംഘത്തെ പ്രോത്സാഹിപ്പിക്കുന്നതിന്നു ഈ മഹായോഗം സമ്മതിക്കുന്നു.

൫. ഇൻഡ്യൻ വൈദികന്മാരുടെ സംഖ്യ വദ്ധിപ്പിക്കുന്നതിന്നും, വൈദികന്മാരുടേയും മിസ്സങ്ങളുടേയും നിലനിൽപ്പിന്നായി അതതു സ്ഥലങ്ങളിൽ നിന്നുണ്ടാകുന്ന ആദായങ്ങളെ വദ്ധിപ്പിക്കുന്നതിന്നുമുള്ള എല്ലാ മാൎഗ്ഗങ്ങളേയും സ്വീകരിക്കണം. അവരുടെ പള്ളികൾ, പള്ളി

ക്കൂടങ്ങൾ, വൈദികന്മാർ എന്നിവകളെ യെല്ലാം സംരക്ഷിച്ചു നിലനിറുത്തിപ്പോരേണ്ടതു അവരുടെ കത്തവ്യമാണെന്നു ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുകയും അവരെ ശരിയായ വിധത്തിൽ പഠിപ്പിക്കയും ചെയ്യേണം. സെമ്മിനാരിയുടെ നിലനില്പിന്നും രൂപതയിലെ മററാവശ്യങ്ങൾക്കുമുള്ള പണപ്പിരിവ് എല്ലാ സ്ഥലത്തും വളരെ ക്രമമായി നടത്തപ്പെടണം.

൩. കത്തോലിക്കരുടെ ഇടയിൽ പോലും വർഗ്ഗീയ ഭേദബുദ്ധി വളരെ അധികമാകയും നമ്മുടെ വേലയുടെ വിജയത്തിന്നു അതു വളരെ ഭയങ്കരമായ ഒരു പ്രതിബന്ധമായിത്തീരുവാൻ ഭാവിക്കയും ചെയ്യുന്നുവെന്നു ഈ മഹാ സംഘം പൂണ്ണമായി അറിയുന്നു. യൂറോപ്യൻ വൈദികന്മാരും ഇൻഡ്യൻ വൈദികന്മാരും തങ്ങളിൽ എന്നും ഉണ്ടായിരുന്നിട്ടുള്ള സ്നേഹഭാവം ഇനിയും തുടൎന്നുകൊണ്ടിരിക്കേണ്ടതിന്നു മെത്രാന്മാർ വളരെ താല്പര്യപ്പെടുന്നുണ്ട്. ഈ പരസ്പര സ്നേഹത്തെ എങ്ങനെയെങ്കിലും കുറയ്ക്കുന്ന സകലത്തേയും ഒഴിക്കുവാൻ യൂറോപ്യൻ വൈദികന്മാരും ഇൻഡ്യൻ വൈദികന്മാരും അൽമേനികളും വേണ്ടിടത്തോളം ശ്രദ്ധിക്കുമെന്നു അവർ വിശ്വസിക്കയും ചെയ്യുന്നു.

൪. ആധുനിക കാലത്തു അതി സുലഭമായി കാണപ്പെടുന്ന സ്വാതന്ത്ര്യബുദ്ധിയിലും മതാലക്ഷ്യതയിലും നിന്നു ത്ഭവിക്കുന്ന അപകടങ്ങളോടു എതിക്കുന്നതിനു നല്ല കത്തോലിക്കാ പത്രങ്ങളും ഉറപ്പായ വേദോപദേശപഠനവും എലിമെൻററി മിഡിൽ, ഹൈ (പ്രാഥമികം, മദ്ധ്യതരം, ഉയൎന്നതരം) എന്നീ സ്കൂളുകളിലെ ഉറപ്പായ കത്തോലിക്കാ വിദ്യാഭ്യാസവുമാണു പ്രധാനമായ മാൎഗ്ഗം എന്നുള്ളതു് അംഗീകരിക്കപ്പെട്ടിട്ടുള്ള വാസ്തവമാണ്. കത്തോലിക്കാ സംഘങ്ങൾ, കത്തോലിക്കാ വായനശാലകൾ, സഹോദരസമാജങ്ങൾ, (Confraternities) ഭക്തസമാജങ്ങൾ (Sodalities) എന്നിവടി. വിഷയത്തിൽ സഹായപ്രദമായിരിക്കുന്നതാണ്. ഓരോ രൂപതയിലേയും പരിസരങ്ങളും സൌകൎയ്യങ്ങളും അനുവദിക്കുന്നേടത്തോളം ഈ മാൎഗ്ഗങ്ങൾ എല്ലാം സ്വീകരിക്കപ്പെടുന്നതാകുന്നു.

൫. കത്തോലിക്കാ ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്റെ കാൎയ്യത്തെ സംബന്ധിച്ചേടത്തോളം കത്തോലിക്കർ തങ്ങളുടെ സാമുദായികവും ധനസംബന്ധവുമായ സ്ഥിതിയെ ഉയൎത്തുന്നതിന്നു ഏററവും ശക്തിമത്തായ ഒരായുധമായ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തേയും പ്രയോജനങ്ങളേയും ഈ മഹാ യോഗം പൂൎണ്ണമായി മനസ്സിലാക്കുന്നു. കത്തോലിക്കാ വിദ്യാഭ്യാസത്തെ അഭിവൃദ്ധിയിൽ കൊണ്ടുവരേണ്ടതിലേക്കുള്ള വഴികൾ കണ്ടുപിടിക്കുന്നതിൽ വൈദികന്മാരോടു സഹകരിക്കുന്നതു തങ്ങളുടെ ചുമതലയാണെന്നു അൽമേനികൾ മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതിനെ ഈ മഹാ യോഗം തൃപ്തിയോടുകൂടി ശ്രദ്ധിച്ചിരിക്കുന്നു. അതിനാൽ ചില പ്രധാനപ്പെട്ട കത്തോലിക്കാ ഇൻഡ്യന്മാർ മതിരാശിയിലെ മെത്രാപ്പോലീത്തായവർകളോടു ചെയ്ത അപേക്ഷയെ മെത്രാന്മാർ സസന്തോഷം സമ്മതിക്കയും കത്തോലിക്കാ ഉൽകൃഷ്ട വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി അൽമേനികളുടെയിടയിൽ നിന്നു പണം പിരിക്കാൻ അനുവദിക്കയും ചെയ്യുന്നു. ഏതായാലും, ഏതെങ്കിലും ഒരു രൂപതയിൽ ധനശേഖരം തുടങ്ങുന്നതിന്നുമുമ്പു ആ രൂപതയിലെ മെത്രാന്റെ രേഖാമൂലമുള്ള സമ്മതം അവർ വാങ്ങിയിരിക്കേണ്ടതാണ്.

൬. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യങ്ങൾ സാധിക്കേണ്ടതിലേക്കായി പരിതസ്ഥിതികൾ അനുവദിക്കുന്നിടത്തോളവും ഓരോ രൂപതയിലും എല്ലാത്തരം പെൺകുട്ടികൾക്കും പ്രവേശനമുള്ളതായി ചുരുങ്ങിയതു ഒരു സെക്കണ്ടറി വിദ്യാലയം വീതമെങ്കിലും സ്ഥാപിക്കാൻ ഈ മഹായോഗം നിശ്ചയിക്കുന്നു. അത്ര തന്നെയുമല്ല യൂണിവേർസിററി ക്ലാസുകളിൽ പഠിപ്പാനാഗ്രഹമുള്ള കത്തോലിക്കാ പെൺകുട്ടികളുടെ ഉപയോഗത്തിന്നായി മതിരാശിയിൽ, യൂണിവേഴ്സിററിയോടു ചേൎക്കപ്പെട്ടു് ഒരു കോളേജ് സ്ഥാപിക്കുന്ന ഭാരം കൈയേൽക്കണമെന്നു ഏതെങ്കിലും കന്യാസ്ത്രീസഭക്കാരോടു

അപേക്ഷിക്കണമെന്നും മഹായോഗം നിശ്ചയിക്കുന്നു.

൧൦. സാമുദായികവും രാജ്യതന്ത്രസംബന്ധവുമായ കാൎയ്യങ്ങളിൽ കത്തോലിക്കർ പ്രോട്ടസ്റ്റാൻറുകാരോടു സഹകരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം, ഒരു പ്രോട്ടസ്റ്റാറു സംഘത്തിൻെറ ഉദ്ദേശങ്ങൾ സാമുദായികവും രാജ്യതന്ത്രസംബന്ധവും മാത്രമായിരുന്നാൽപോലും, അങ്ങിനെയുള്ള സംഘത്തിലൊ അല്ലെങ്കിൽ അതുപോലെയുള്ളമറെറതെങ്കിലും ക്രിസ്ത്യശാഖക്കാരുടെ സ്ഥാപനങ്ങളിലൊ കത്തോലിക്കർ അംഗങ്ങളായി ചേരുന്നതു യുക്തമായിട്ടുള്ളതല്ലെന്നു ഈ മഹായോഗം ഐകകണ്ഠ്യമായി പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ ചില പ്രത്യേക കാൎയ്യങ്ങളിൽ കത്തോലിക്കരും പ്രോട്ടസ്റ്റാണ്ടുകാരും ചേൎന്നു പ്രവൃത്തിക്കേണ്ട ആവശ്യമുണ്ടെന്നു കാണുംപക്ഷത്തിൽ ആ കാൎയ്യങ്ങളിൽ പൊതുവായ ഒരുയോജ്യത രണ്ടു കൂട്ടൎക്കും ഉണ്ടാകുന്നതിലേക്കായി പ്രോട്ടസ്റ്റാൻറു പ്രതിനിധികളെ കണ്ടു ആലോചിക്കേണ്ടതിനു കത്തോലിക്കാ പ്രതിനിധികളെ വൈദിക മേലദ്ധ്യക്ഷന്മാർ സസന്തോഷം നിയമിക്കുന്നതാണ്.

൧൧. മാനസാന്തരകാൎയ്യത്തിൽ അൽമേനികൾ കുറെക്കൂടിയധികം സഹകരിക്കേണ്ടതാകുന്നു. അവിശ്വാസികളുടെ മാനസാന്തരത്തിനു പ്രോത്സാഹിപ്പിക്കയും പ്രധാനമായി, സമുദായ വ്യത്യാസത്തെ അടിസ്ഥാനമാക്കി മാനസാന്തരങ്ങൾക്കു തടസ്ഥം ചെയ്യാതിരിക്കേണ്ടതിന്നുമായി വൈദികന്മാരോടു സഹകരിക്കുന്നതിൽ അധികമായ താല്പൎയ്യം കാണിപ്പാൻ ഈ മഹാ യോഗം കത്തോലിക്കരോടെല്ലാം അപേക്ഷിച്ചുകൊള്ളുന്നു.

൧൨. പരസ്പരസഹായബേങ്കുകളെ സംബന്ധിച്ചെടത്തോളം ആ ഏൎപ്പാടിനെക്കുറിച്ചു ഈ യോഗത്തിന്നു പൂൎണ്ണമായി അനുഭാവമുണ്ട്. കത്തോലിക്കരുടെയിടയിൽ ആ ഏൎപ്പാടിനെ ഈ യോഗം സന്തോഷപൂൎവ്വം പ്രോത്സാഹിപ്പിക്കയും ചെയ്യും. എന്നാൽ പരസ്പരസഹായബേങ്കുകളുടെ വ്യവസ്ഥകളേയൊ നടപ്പിനേയൊ കുറിച്ചുള്ള വല്ല ചുമതലകളും മെത്രാന്മാർ വഹിക്കുന്നതല്ലാത്തതും ആകുന്നു.

൧൩. എല്ലാ ക്രിസ്തീയ വിഭാഗക്കാൎക്കും പൊതുവായ ഒരു പ്രതിദിനപത്രം സ്ഥാപിക്കുന്നതിനെക്കുറിച്ചു ഈ മഹായോഗത്തിന്നു അനുകൂലമായ അഭിപ്രായം ഇല്ല. എന്നാൽ കത്തോലിക്കാ അൽമേനികൾക്കു അതിലേക്കുത്സാഹമുള്ളപക്ഷം കത്തോലികരുടെ ഉടമസ്ഥതയിൻകീഴിൽ അങ്ങിനെ ഒരു പത്രം പുറപ്പെടുവിക്കുന്നതിൽ യോഗത്തിന്നു യാതൊരു വിരോധവുമില്ല.

൧൪. ഇക്കാലത്തു ഇന്ത്യരുടെ മനസ്സിനെ വല്ലാതെ ക്ഷോഭിപ്പിക്കുന്ന രാജ്യതന്ത്രസംബന്ധവും സാമുദായികവുമായ പ്രയാസമേറിയ കാൎയ്യങ്ങളിൽ പ്രവേശിക്കുവാനും നമ്മുടെ കത്തോലിക്കർ അതിൽ ചേരണോ വേണ്ടയൊ എന്നു ആലോചിക്കുവാനും വേണ്ടിടത്തോളം സമയം ഈ മഹായോഗത്തിന്നു ഉണ്ടായിരുന്നില്ല. എന്നാൽ കപടോത്സാഹത്താൽ വശീകരിക്കപ്പെട്ടു വല്ലതും പ്രവൎത്തിച്ചുപോകാതിരിപ്പാൻ സൂക്ഷിക്കണമെന്നു കത്തോലിക്കരോടു ഗുണദോഷിക്കയല്ലാതെ അതിലധികമൊന്നും തല്ക്കാലം ചെയ്വാൻ യോഗത്തിന്നു നിവൃത്തിയില്ല. അവർ തങ്ങളുടെ മതം അനുശാസിക്കും പ്രകാരം, രാജ്യത്തെ ഗവമ്മേണ്ടിനോടു രാജഭക്തിയുള്ളവരായും കത്തോലിക്കാ തിരുസ്സഭയുടെ അനുസരണമുള്ള മക്കളായും ഇരിക്കട്ടെ.

## മീനമാസത്തെ ഓരോ തീയതികളിലേക്കും വിശുദ്ധ പിതാക്കന്മാരുടെ പ്രബന്ധങ്ങളിൽ നിന്നെടുത്ത സാരോപദേശങ്ങൾ.

൧. ഐഹിക സുഖസന്തോഷാദികളിൽ നിമഗ്നരായി ഉല്ലസിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു ഈ പ്രപഞ്ചമഹത്വങ്ങൾ അസ്തമിക്കുന്നു.

൨. പാദങ്ങളെ ഉറപ്പിച്ചു നിൽക്കുന്നുവെന്നു ചിന്തിച്ചുകൊണ്ടിരിക്കുമ്പോളായിരിക്കാം കാൽതെററി പാതാളത്തിലേക്കു വീഴുന്നതു്.

൩. പരത്തിൽ പ്രതികാരമായി പീഡിതരാകാതെയിരിപ്പാൻ ഇഹത്തിൽ അനുതപിക്കുന്നതും പ്രായശ്ചിത്തമെടുക്കുന്നതും നല്ലതാണ്.

൪. അനുതാപത്തിന്റെ പ്രലാപം വഴി നിത്യസന്തോഷത്തിലേക്കു കയറാം. അനിത്യസന്തോഷം ഹേതുവാൽ നിത്യാപത്തിലേക്കും ഗമിക്കും.

൫. ശിക്ഷക്കു മുമ്പ് പശ്ചാത്താപത്തിന്നു സൌകര്യമുള്ളതിനാൽ പ്രായശ്ചിത്തത്തിന്റെയും അനുതാപത്തിന്റെയും മാർഗ്ഗങ്ങളെ നാം അവലംബിക്കേണ്ടതാണ്.

൬. ആത്മാവ്, ക്രമമററ ആശകളാലും ബുദ്ധി, പല വിധത്തിലുള്ള തിന്മകളാലും ആകർഷിക്കപ്പെട്ടിരിക്കുന്നെങ്കിൽ തപഃക്രിയകളാൽ ജഡത്തെ പീഡിപ്പിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

൭. പാപങ്ങളെ മറച്ചുകൊണ്ടുള്ള പ്രലാപം നിഷ്ഫലമാകുന്നു.

൮. സാക്ഷാലുള്ള അനുതാപം, ചെയ്ത പാപങ്ങളെക്കുറിച്ച് മനസ്സുപിക്കുന്നതും അവകളെ വീണ്ടും ചെയ്യാതെയിരിക്കുന്നതും ആകുന്നു.

൯. എന്തെന്നാൽ യാതൊരുത്തൻ മുൻ ചെയ്ത പാപങ്ങളെപ്പററി അനുതപിച്ചാലും അവകളെ ആവർത്തിക്കുന്നതായാൽ അവൻ ഒന്നുകിൽ പശ്ചാത്താപത്തിന്റെ കപട വേഷത്തേയോ അല്ലെങ്കിൽ അജ്ഞതയേയോ പ്രദർശിപ്പിക്കുന്നു.

൧൦. പശ്ചാത്താപത്തിന്റെ ഇപ്പോഴത്തെ മനോവ്യാകുലം വരുവാനിരിക്കുന്ന കോപത്തിന്റെ പീഢയെ ഇല്ലായ്മ ചെയ്യുന്നു.

൧൧. ഇപ്പോഴത്തെ അനർത്ഥങ്ങൾകൊണ്ടു ഗുണപ്പെടാത്തവൻ ഭാവിപീഡകൾക്കു പാത്രീഭവിക്കുന്നു.

൧൨. ഏകാന്തവും മൌനവും ദുഷ്ടന്മാർക്കു ഉപദ്രവകരമായിരിക്കുന്നതുപോലെ നീതിമാന്മാർക്കു ഗുണപ്രദമായിരിക്കുന്നു. എന്തെന്നാൽ വിശുദ്ധ ഏകാന്തം സാക്ഷാലുള്ള ഭാഗ്യമാണ്.

൧൩. ശാസനകൊണ്ടു ശിഷ്ടന്മാർ അതിശിഷ്ടന്മാരും, ദുഷ്ടന്മാർ അതിദുഷ്ടന്മാരുമായിത്തീരുന്നു.

൧൪. പാപകരമായ മാർഗ്ഗങ്ങളിലൂടെ സമ്പാദിക്കുന്നവയെല്ലാം നഷ്ടീഭവിക്കുന്നു.

൧൫. കുററത്തെ തിരുത്താതെയിരിക്കുമ്പോൾ അതിനെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

൧൬. മനുഷ്യരുടെ മുമ്പാകെ നാം എത്ര അധികം തെററുകാരായിരിക്കുന്നോ അത്രയും ദൈവസന്നിധിയിൽ നാം കടക്കാരായി ഭവിക്കുന്നു.

൧൭. തെററായി ആരംഭിച്ചതിനെ തിരുത്തുന്നതും വിരൂപമായി ചമച്ചതിനെ സുരൂപമാക്കുന്നതും ദുഷ്കരമാണ്.

൧൮. അല്പമായ ദുരാശകളിൽനിന്നു, സ്വല്പമായ കുററം വഴിയായി വലിയ പാതകങ്ങളിലും അക്രമങ്ങളിലും അകപ്പെടുന്നു.

൧൯. ഈ ജീവിതത്തിൽ അനുതാപംകൊണ്ടും തപഃക്രിയകളാലും പരിഹരിക്കപ്പെടാത്ത പാപം നരകം വരെയും നമ്മെ അനുഗമിക്കുന്നു.

൨൦. പാപികളുടെ ധിക്കാരത്തെ ക്ഷമിക്കുന്ന സർവ്വേശ്വരൻ അന്ത്യന്യായവിധി ദിവസത്തിൽ ശിക്ഷാവിധി കല്പിക്കുന്നതാണ്.

൨൧. പാപത്തെ ആദരിക്കുന്നവൻ അതിനെ ഇരട്ടിപ്പിക്കുകയാണു ചെയ്യുന്നത്.

൨൨. ഈ ജീവിതത്തിലെ അവസാനഘട്ടത്തിനു മുമ്പായി സുകൃതത്തെ ത്യജിക്കുന്നതായാൽ മുമ്പു ചെയ്ത സൽകൃത്യംകൊണ്ടു യാതൊരു പ്രയോജനവുമില്ല.

൨൩. സംഭവിക്കുന്ന അനർത്ഥങ്ങളെ ക്ഷമിക്കാത്തവൻ പരിപൂർണ്ണനാകയില്ല.

൨൪. ഇഹത്തിൽ സംഭവിക്കുന്നതൊക്കെയും സർവ്വശക്തന്റെ അറിവോടുകൂടെയാകുന്നു.

൨൫. അകാരണമായി ഒന്നും ഭവിക്കുന്നില്ല. തലയിലെഴുത്തെന്നു പറയുന്നതും അസംബന്ധമാണ്.

൨൬. ദൈവത്തിന്റെ അറിവു കൂടാതെ നമ്മുടെ ശിരസ്സിൽനിന്ന് ഒരു രോമംപോലും പൊഴിയുകയൊ, ഒരു

കുരുവി മുകളിൽനിന്നു വീഴുകയൊ, വൃക്ഷത്തിൻെറ ഇല ഇളകുകയൊ, ജലത്തിൽ ചലനമുണ്ടാകയൊ ചെയ്യുന്നില്ല.

൧൭. താഴ്ത്തുന്നവനും ഉയർത്തുന്നവനും ശിക്ഷിക്കുന്നവനും സുഖപ്പെടുത്തുന്നവനും പാതാളത്തിൽ തള്ളുന്നവനും അവിടെനിന്നു കയറ്റുന്നവനും ദൈവമാകുന്നു.

൧൮. ഇല്ലാത്തവയേയും ഉള്ളവയേയും വിളിച്ചു വരുത്തുന്നവൻ ദൈവമാകുന്നു.

൧൯. ദൈവനിശ്ചയത്തെ വിരോധിപ്പാൻ ഒരുത്തനും സാധിക്കുന്നതല്ല. സകലരുടെയും ഹൃദയം അവിടുത്തെ കയ്യിലിരിക്കുന്നു.

൨൦. അന്യവരുടെ തെറ്റുകളെ തിരുത്തുവാൻ ചുമതലപ്പെട്ടവർ ആദ്യമെ തങ്ങളെത്തന്നെ പരിശോധിക്കേണ്ടിയിരിക്കുന്നു.

൨൧. ദൈവം അനുഗ്രഹിക്കുന്നതിൽ ധാരാളശീലനാണ്.



## തിരുഹൃദയ ഭക്തന്മാർ

൧൯൨൯ മീനമാസത്തിൽ വെക്കേണ്ട

## പൊതുക്കരുതൽ.

വിശുദ്ധിയിലും സന്താനങ്ങളിലും കുടുംബങ്ങൾ അഭിവൃദ്ധിപ്പെടുക.

ക്രിസ്ത്തീയകുടുംബം സകല പുണ്യങ്ങളുടെ പാഠശാലയും അവയെ പ്രദർശിപ്പിക്കുന്നതിനുള്ള രംഗവുമായിരിപ്പാൻ ആവശ്യമാകുന്നു. മനുഷ്യവർഗ്ഗം എന്ന ബൃഹമാണ്ഡമായ കെട്ടിടത്തിൻെറ അസ്ഥിവാരം കുടുംബത്തിലാണു സ്ഥാപിതമായിരിക്കുന്നതു്. ലോകത്തിൽ നാളെ ഉണ്ടാകാനിരിക്കുന്ന കലഹങ്ങളുടേയും ശണ്ഠകളുടേയും ദുഷ്കൃത്യങ്ങളുടേയും ഏറക്കുറവു് ഇന്നത്തെ കുട്ടിയുടെ ശിക്ഷാക്രമത്തെ അനുസരിച്ചിരിക്കും. ആകയാൽ കുട്ടികളെ ശരിയായി വളർത്തുന്നതിൽ രക്ഷാകർത്താക്കൾ പ്രത്യേകം ഉൽസുകന്മാരായിരിക്കണം. രക്ഷാകർത്താക്കന്മാരുടെ ഉത്തമജീവിതം കൂടാതെ ഇതു സാദ്ധ്യവുമല്ല.. അദ്ധ്യാപകന്മാർക്കു ജ്ഞാനമില്ലെങ്കിൽ അദ്ധ്യേതാക്കൾക്കതിനെ പ്രദാനം ചെയ്യുന്നതിനവർ പ്രാപ്തരാകുമൊ? അതുകൊണ്ടു ആദ്യംതന്നെ മാതാപിതാക്കൾ പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കേണ്ടിയിരിക്കുന്നു. കേവലം വാഗ്മൂലമുള്ള പ്രബോധനത്തിനു വലിയ ശക്തിയൊന്നുമില്ല. പ്രവൃത്തിമുഖേന വേണം കുട്ടികളുടെ ഹൃദയത്തിൽ സന്മാർഗ്ഗബോധത്തെ ജനിപ്പിക്കുവാൻ. ഇതിനുള്ള മാതൃകാപാഠശാല നസ്രത്തിലെ തിരുക്കുടുംബമാകുന്നു. ആ കുടുംബവാസികളെ അനുകരിച്ചു പ്രവൎത്തിച്ചാൽ നമ്മുടെ കുടുംബങ്ങളെല്ലാം പുണ്യസമ്പത്തിൽ കേറിമറിയുന്നതാണ്.

മണവാളനും മണവാട്ടിക്കും വേണ്ടി അർപ്പിക്കപ്പെടുന്ന പൂജയിൽ പട്ടക്കാരൻ അഭിനവ ദമ്പതിമാരുടെ നേക്കു തിരിഞ്ഞു മണവാട്ടിയെ ഉദ്ദേശിച്ചുകൊണ്ടു "നീ റാക്കേലിനെപ്പോലെ ഭർത്തൃസ്നേഹിതയായും, റബേക്കായേപ്പോലെ ബുദ്ധിശാലിനിയായും, സാറായേപ്പോലെ വിശ്വസ്തയും ദീർഘായുസ്സും ഉള്ളവളായും, സങ്കീർത്തനത്തിൽ പറഞ്ഞിട്ടുള്ള ഫലപ്രദമായ മുന്തിരിവള്ളിയെപ്പോലും ആയിരിക്കട്ടെ എന്നു ആശംസിക്കുന്നു. 'ഫലപ്രദമായ മുന്തിരിവള്ളിയെപ്പോലെ ആകട്ടെ' എന്നുള്ള ഈ പ്രാൎത്ഥന സഫലമാകുന്നതിനു പ്രതിബന്ധമായി നില്ക്കുന്ന ചില ലൌകിക ചിന്തകളും ചിലൎക്കില്ലാതില്ല. "കാക്കകളെ സൂക്ഷിച്ചു ചിന്തിപ്പിൻ; എന്തെന്നാൽ അവ വിതക്കുന്നില്ല, കൊയ്യുന്നുമില്ല; അവയ്ക്കു്റയുമില്ല കളപ്പുരയുമില്ല; എങ്കിലും ദൈവം അവയെ പോഷിപ്പിക്കുന്നു. അവയേക്കാൾ നിങ്ങൾ എത്ര അ

ധിക ശ്രേഷ്ഠതയുള്ളവരാകുന്നു" എന്നു നമ്മുടെ കർത്താവരുളിച്ചെയ്തിരിക്കുന്ന ഈ വാക്യത്തെ ഇപ്രകാരമുള്ളവർ ഗാഢമായി ചിന്തിക്കട്ടെ. 'കർത്താവിന്റെ അവകാശം കുട്ടികളാകുന്നു' എന്നുള്ള സങ്കീർത്തനക്കാരന്റെ വാക്യവും ഇവിടെ സ്മരണീയമാണ്. ആകയാൽ കുടുംബങ്ങൾ പുണ്യവും സന്താനവുംകൊണ്ടു സമ്പല്ക്കരിക്കുന്നതിനു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിപ്പാറാകണം.

---

## ലോകവർത്തമാനച്ചുരുക്കം.

തിരുസഭയുടെ ഇപ്പോഴത്തെ ദൃശ്യ തലവനായ ൧൫-ാം ബെനദിക്തോസ മാർപ്പാപ്പാ, വിശുദ്ധ പത്രോസിന്റെ ൨൬൧-ാമത്തെ അനന്തരഗാമിയാകുന്നു.

ഇംഗ്ലണ്ടിലെ മതപരിവർത്തനത്തിന്റെ ശേഷം ഒഫീഷ്യലായി ബ്രിട്ടീഷ് പടക്കപ്പൽ കൂട്ടത്തെ സന്ദർശിക്കുകയും കപ്പലിൽവച്ചു പൊൻറിഫിക്കൽ കുർബാന പാട്ടുകയുംചെയ്ത ആദ്യ ഇംഗ്ലീഷ് കർദ്ദിനാൾ ബോറൻ അവർകളാകുന്നു.

പരേതനായ നോർഫോക്ക പ്രഭുവിന്നു ഭൂസ്വത്തായി അമ്പതിനായിരം ഏക്കർ സ്ഥലമുണ്ട്. ഇതിനുംപുറമെ ഇംഗ്ലണ്ടിലെ ഒരു പ്രധാന പട്ടണമായ മാൻചസ്ററിന്റെ അധികഭാഗവും അദ്ദേഹത്തിന്റെ വകയാണ്.

കഴിഞ്ഞ ക്രിസ്തുമസ്സ് പ്രമാണിച്ച് ൧൫-ാം ബെനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഇത്താലിയാക്കാരായ പടയാളി തടവുകാർക്കു ഇരുപതിനായിരം കെട്ടു സാമാനങ്ങൾ അയച്ചുകൊടുക്കുകയുണ്ടായി.

ഭക്ഷണസാധനങ്ങളുടെ വില ഉത്തരോത്തരം വർദ്ധിച്ചുവരുന്നതുകൊണ്ടു ജനങ്ങൾവല്ലാതെ കുഴങ്ങുന്നുണ്ട്. എങ്കിലും മററുള്ളവർ ഇതിനു മുമ്പു എത്രമാത്രം കഷ്ടപ്പെട്ടിട്ടുണ്ടെന്നു ഇവർ അത്ര വിചാരിക്കുന്നുമില്ല. ൧൮൭൦-ൽ പാരീസിൽ ഒരു പാത്തക്കു മൂന്നു പവനും, കോഴിക്കുഞ്ഞിനു ൨൫ ഷില്ലിങ്ങും (൨൧ ഉറുപാ) പൂച്ചക്കു, ശോഷിച്ചതെങ്കിൽ ൧൨-ം തടിച്ചതെങ്കിൽ ൨൫-ും ഷില്ലിങ്ങും, ഒരു റാത്തൽ തവളമാംസത്തിനു രണ്ടും, എലിമാംസത്തിനു ഒന്നരയും ഷില്ലിങ്ങായിരുന്നു എന്നു മിസ്റ്റർ ഹൊരാസിയൊ ബൊട്ടോമലി പറയുന്നു.

അമേരിക്കായിൽ ന്യൂഓർലൻസ് എന്ന സ്ഥലത്തു ഈയിടെ ഒരത്യാഘോഷമായ ശവസംസ്കാരം നടക്കുകയുണ്ടായി. ആശുപത്രിശുശ്രൂഷക്കും മററും വിദഗ്ദ്ധകളെന്നു സുപ്രസിദ്ധകളായ ഉപവിയുടെ കന്യകകളെക്കുറിച്ചു ഏറെക്കുറെ എല്ലാവർക്കും അറിവുള്ളതാണല്ലോ. ന്യൂഓർലൻസിലുള്ള ഇവരുടെ ഒരു സ്ഥാപനത്തിലെ അംഗമായ ലൂസിയാനാ എന്ന കന്യക മരണം പ്രാപിച്ചു. ഈ മഹതിയുടെ ശവസംസ്കാരത്തിൽ വൈദ്യവിദഗ്ദ്ധന്മാർ, ജസ്റ്റിമാർ ആദിയായി അവിടെയുള്ള പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരും, ധനാഢ്യന്മാരായ കച്ചവടക്കാരും, മററനവധി ജനങ്ങളും സന്നിഹിതരായിരുന്നു. പ്രേതമഞ്ചം വഹിച്ചുകൊണ്ടു പോയതു അവിടുത്തെ ഗവർണറും, പഴയ അഞ്ചു ഗവർണർമാരും, ന്യൂഓർലൻസ് പട്ടണത്തിലെ മേയറും ആയിരുന്നു. ഇതിൽനിന്നു ഈ കന്യകയോടു അവിടെയുള്ള ജനങ്ങൾക്കു എത്രമാത്രം സ്നേഹബഹുമാനാദരങ്ങൾ ഉണ്ടായിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഈ മഹതി അയർലാണ്ടിലാണ് ജനിച്ചതു്. ആറു വയസ്സ് പ്രായമായപ്പോൾ ഐക്യരാജ്യത്തു വന്നു. ൧൭-ാമത്തെ വയസ്സിൽ കന്യകാമഠത്തിൽ ചേർന്നു. ൬൨ സംവത്സരങ്ങളോളം അസാധാരണമായ സ്വാനിഗ്രഹം ചെയ്തുകൊണ്ട് സ്വന്തസഭയുടെ ചട്ടപ്രകാരം പരോപകാരാർത്ഥം ശ്രമിച്ചു ൪൨ വർഷം ന്യൂഓർലൻസിലുള്ള ധർമ്മാശുപത്രിയിൽ ജോലി നോക്കി. ൪൦ വർഷത്തേക്കു മദർസുപ്പീരിയരും ആയിരുന്നു.

കാനൻലൊ (തിരുസഭാനിയമം) പരിഷ്കരിച്ചടിക്കുന്നതിന് ൧൯൦൪-ൽ സാദരസ്മരണക്കർഹനായ പത്താംപീയൂസ് മാർപ്പാപ്പാ തിരുമേനി ഏല്പെടുത്തിയ കമ്മീഷന്റെ അശ്രാന്തപരിശ്രമം മൂലം ആ ജോലി പൂർത്തിയായിരിക്കുന്നു. ഈ വത്സരാവസാനത്തിൽ ഈ പുതിയ കോഡ് പ്രസിദ്ധപ്പെടുത്തുമെന്നു കാണുന്നു. ഇപ്പോഴത്തെ സെക്രട്ടറിയായ കർദ്ദിനാൾ ഗസ്പാറിയായിരുന്നു ഈ കമ്മീഷന്റെ പ്രസിഡണ്ട്.

അമേരിക്കായിൽ ഐക്യരാജ്യത്തു കുടിയേറിപാക്കുന്ന കത്തോലിക്കരായ പോളണ്ടുകാരുടെ സംഖ്യ ഇരുപതുലക്ഷമാകുന്നു. ഇവൎക്കു ൧൨൮൦ ദേവാലയങ്ങളും, ൬൨൮ ഇടവകപ്പള്ളിക്കൂടങ്ങളും, ൯൨ ഇടവകകളും, മൂന്നുകോടി ൨൨ ലക്ഷം ഡോളർ വിലപ്പിടിപ്പുള്ള പള്ളിവസ്തുക്കളുമുണ്ടു്.

ഒരു ബ്രിട്ടീഷ് കവിയായ തീയഡോർ മെയിനാർഡ് എന്ന ഒരു പ്രോട്ടസ്റ്റാണ്ടു് മതക്കാരൻ കത്തോലിക്കാസഭയിൽ ചേൎന്നിരിക്കുന്നു. ദോമനീക്കോസ് സഭയിൽ പ്രവേശിച്ച ഇദ്ദേഹം ഇപ്പോൾ പുരോഹിതവൃത്തിക്കായിപഠിച്ചുകൊണ്ടിരിക്കുകയാണ്.

ബ്രിട്ടീഷ് സൈന്യത്തിലുള്ള കത്തോലിക്ക് 'കപ്പ്യോന്മാൎക്കു' ശമ്പളത്തിലും, സ്വാതന്ത്ര്യത്തിലും ഉദ്യോഗകയററത്തിലും മററു മതസ്ഥർായ കപ്പ്യോന്മാൎക്കുള്ളതുപോലെ, തുല്യാവകാശം കൊടുക്കുന്നതായ ഒരു ഗവൎമ്മേണ്ടു കല്പന പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ലിമരിക്ക് പ്രഭുവിൻെറ പുത്രിയായ മിസ്സസ് ജെ. സി. ബ്രെയിഡിയും, റവറണ്ടു് ആൎതർ, റവറണ്ടു റെജിനാൾഡ് വെബ്ബ് എന്നീ രണ്ടു വൈദികരും കത്തോലിക്കാ മതത്തിൽ ചേൎന്നിരിക്കുന്നു.

ഇത്താലിയായിലെ രാജാവായ വിക്ടർ എമ്മാനുവേൽ, യുദ്ധക്കളത്തിൽ മുറിവേററവരെ സന്ദൎശിച്ചുകൊണ്ടു നിൽക്കയിൽ മുറിപ്പെട്ടവനും പടക്കു വിരുതൻ എന്നു കേൾവികേട്ടവനുമായ ഒരു ചെറുപ്പക്കാരനുമായി സംസാരിക്കുകയുണ്ടായി. ഇയാൾ ഒരു വൈദിക വിദ്യാൎത്ഥിയാണെന്നും, ഗുരുപ്പട്ടമേൽക്കുന്നതിനു തലെ ദിവസമാണ്, കല്പനപ്രകാരം പട്ടാളത്തിൽ ചേൎന്നതെന്നും രാജാവറിഞ്ഞപ്പോൾ "വിശ്വാസം ഉള്ളേടത്തു ധീരോദാത്തതയും ഉണ്ടു്" എന്നു പറയുകയും അയാൾക്കു സ്വന്ത കരങ്ങൾകൊണ്ടു സ്ഥാനചിഹ്നങ്ങൾ നൽകുകയും ചെയ്തു.

ഫ്രഞ്ചു സൈന്യത്തിലുള്ള ഏററവും പ്രധാനപ്പെട്ട ൨൭ നായകന്മാരുടെ മതസ്ഥിതിയെപ്പററി ഒരു ഐറിഷ് പത്രം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. ഇവരിൽ രണ്ടുപേർ തിരുസഭയുടെ ബദ്ധവൈരികളാണ്. കത്തോലിക്കാസഭയെ നിന്ദിക്കുന്നില്ലെങ്കിലും മതസംബന്ധമായ ഒരു നിഷ്പക്ഷനിലയെ അനുസരിച്ചിരിക്കുന്നവരാണ് ആറു പേർ. ഈ ഗണത്തിൽ ജനറൽ ജോഫ്രിയും ഉൾപ്പെടും. ശേഷമുള്ള ൧൯ ജനറൽമാരും കത്തോലിക്കമതസിദ്ധാന്തങ്ങളെ ശരിവരെ അനുസരിച്ചുവരുന്നു. ഇവരേയും ഉത്തമ കത്തോലിക്കരായ ഏതാദൃശന്മാരേയും, അടിച്ചു താഴ്ത്തണമെന്നായിരുന്നു പഴയ പ്രസിഡണ്ടായ ക്രൂംബസിൻെറ ആഗ്രഹം. ഇപ്പോൾ ശത്രു ആക്രമണത്തിൽനിന്നും ഫ്രാൻസിനെ രക്ഷിക്കുന്നതു ഇവരാണ്.

തെക്കെ അമേരിക്കായിൽ ചില്ലി രാജ്യത്തിലെ ആദ്യ അപ്പൊസ്തോലിക്ക നുൻസിയൊ (സ്ഥാനപതി) ആയി മൊൺസിഞ്ഞോർ സെബാസ്ത്യൻ നിക്കോബിയാ അവർകൾ ഈ കഴിഞ്ഞ ജനുവരിയിൽ നിയമിതനായിരിക്കുന്നു. ഇദ്ദേഹത്തിൻെറ മെത്രാൻപട്ടാഭിഷേക കൎമ്മം നടത്തിയതു മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടുതന്നെയാണ്. പാപ്പാസ്ഥാനം കയ്യേററതിൽപിന്നെ ഇദംപ്രഥമമായിട്ടാണു മെത്രാൻപട്ടം സ്വന്ത കരങ്ങളാലെ തിരുമേനി കൊടുത്തതു്.

കഴിഞ്ഞ നവംബർ ൨൦-ാംനു സിഡ്നി മെത്രാസന ദേവാലയത്തിൽവച്ച് പുരോഹിതസ്ഥാനത്തിലേക്കു ഉയൎത്തപ്പെട്ടവരിൽ ഒരാൾ റവറണ്ടു ജെ. ജീയർ എം. ഏ. അവൎകളായിരുന്നു. ഇദ്ദേഹം ഒരു പ്രോട്ടസ്റ്റാൻറു പാതിരിയുടെ സീമന്തപുത്രനാണ്. മെൽബോൺ സൎവ്വകലാശാലയിൽ പഠിച്ചു എം. ഏ. പാസ്സായതിൻെറശേഷം ഒരു ആംഗ്ലിക്കൻ പാതിരിയായി ജോലി നോക്കിവന്നു. അഞ്ചു വത്സരങ്ങൾക്കു മുമ്പാണ് മാനസാന്തരപ്പെട്ടതു്. ഓസ്ത്രേലിയായിൽ ജനിച്ചു വളൎന്നിട്ടുള്ള ആംഗ്ലിക്കൻപാതിരിമാരിൽ, കത്തോലിക്കാ സഭയിലേക്കു ചേൎന്നിട്ടുള്ള ആദ്യത്തെയാളും ഇദ്ദേഹംതന്നെ. ഓസ്ത്രേലിയായിൽ ക്വിൻസ്‌ലാൻഡ് എന്ന സ്ഥലത്തുവച്ച് നടന്ന മറെറാരു ഗുരുപ്പട്ടാഭിഷേകം ഫാദർ ബിസ്സററ് കാറിയെ എം. ഏ. അവൎകളുടേതായിരുന്നു. കെയിംബ്രിഡ്ജ് സൎവ്വകലാശാലാ ബിരുദധാരിയായ ഇദ്ദേഹം, ഇംഗ്ലണ്ടിൽ പലേടത്തും ഒരു പ്രോട്ടസ്റ്റണ്ടു പാതിരിയായി ജോലി നോക്കീട്ടുള്ളതാണ്. മാനസാന്തരത്തിൻെറശേഷം ഇവർ രണ്ടുപേരും സെൻറ് പെയിററ്റിക്ക സെമ്മിനാരി (മാൻലി) യിലാണു വൈദികപഠനം പൂൎത്തിയാക്കിയതു്.